കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുങ്ങല്ലൂർ നഗരസഭ
## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ (എം)1629/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
ഫോൺ നമ്പർ-0487 2331249
e-mail: dotsr.ksad@kerala.gov.in
തിയതി: 25.11.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന),
കൊടുങ്ങല്ലൂർ നഗരസഭ.

സർ,

വിഷയം :- കൊടുങ്ങല്ലൂർ നഗരസഭ- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-19 ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-25,3-30ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസ്സിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1)(2). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)റീജ്യണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്, കൊച്ചി(ഉപരിപത്രം സഹിതം)

3.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (എം)1629/2017 തിയതി: 25.11.2017

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 21.12.2016 തിയ്യതി മുതൽ 31.3.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധിച്ചു. 2016-17 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഇ.ആർ. ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം (ചെലവ് കണക്ക്) | 1.6.17 മുതൽ 9.6.17 വരെ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം (വരവ് കണക്ക്) | 22.9.17 മുതൽ 28.9.17 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ. ശിവൻ പി.എ | ഓഡിറ്റ് ഓഫീസർ (1.6.17 മുതൽ 9.6.17 വരെ), (22.9.17 മുതൽ 28.9.17 വരെ) |
| ശ്രീ.സിനിലാൽ എം.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (1.6.17 മുതൽ 9.6.17 വരെ), (22.9.17 മുതൽ 28.9.17 വരെ) |
| ശ്രീമതി.നിജ്ജ സി.എസ് | ഓഡിറ്റർ (22.9.17 മുതൽ 28.9.17 വരെ) |
| ശ്രീ അൻവർ അലി | ഓഡിറ്റ് ഓഫീസർ (1.6.17 മുതൽ 9.6.17 വരെ) |
| ശ്രീമതി സീനത്ത് പി.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (1.6.17 മുതൽ 9.6.17 വരെ) |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | സി.സി വിപിൻചന്ദ്രൻ | 01.04.2016 മുതൽ 31.3.2017 വരെ |
| ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | ഷീല രാജ്കമൽ | 01.04.2016 മുതൽ 31.3.2017 വരെ |
| വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | കെ.എസ് കൈസാബ് | 01.04.2016 മുതൽ 31.3.2017 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | ശോഭ ജോഷി | 01.04.2016 മുതൽ 31.3.2017 വരെ |
| ആരോഗ്യകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | സി കെ രാമനാഥൻ | 01.04.2016 മുതൽ 31.3.2017 വരെ |
| വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ്കമ്മറ്റി ചെയർമാൻ | പി.എൻ.രാമദാസ് | 01.04.2016 മുതൽ 31.3.2017 വരെ |
| മരാമത്ത്സ്റ്റാൻഡിങ്ങ്കമ്മറ്റി ചെയർമാൻ | തങ്കമണി സുബ്രഹ്മണ്യൻ | 01.04.2016 മുതൽ 31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി ,കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | വി.വി ലതേഷ് കുമാർ | 1.4.2016 മുതൽ 14.4.2016 വരെ |
| | ജെ ഷാജഹാൻ(സൂപ്രണ്ട് ഇൻ ചാർജ്ജ്) | 15.4.2016 മുതൽ 24.5.2016 വരെ |
| | വി.വി ലതേഷ് കുമാർ | 25.5.2016 മുതൽ 20.8.2016 വര |
| | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | 21.8.2016 മുതൽ 25.8.2016 വര |
| | എസ് ജയകുമാർ | 26.8.2016 മുതൽ 4.11.2016 വരെ |
| | എം മനോജ്(സൂപ്രണ്ട് ഇൻ ചാർജ്ജ്) | 5.11.2016മുതൽ 10.11.2016 വരെ |
| | കെ ടി ജെയിംസ് | 11.11.2016 മുതൽ 15.11.2016 |

| | | |
|---|---|---|
| | | വരെ |
| | എം മനോജ്(സൂപ്രണ്ട് ഇൻ ചാർജ്ജ്) | 16.11.2016 മുതൽ 31.3.2017 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | പി.കെ പുരുഷോത്തമൻ | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| | ടി.പി.രമേഷ് | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| പ്രൊജക്ട് ഓഫീസർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | ഐ.വി രാജീവൻ | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| മെഡിക്കൽ ഓഫീസർ,<br><br>ഗവൺമെന്റ് ആയുർവേദ ആശുപത്രി, പുല്ലൂറ്റ് | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| ചീഫ് മെഡിക്കൽ ഓഫീസർ,<br><br>ഗവൺമെന്റ് ആയുർവേദ ആശുപത്രി, മേത്തല | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, മേത്തല | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| മെഡിക്കൽ ഓഫീസർ,<br><br>ഗവ:ഹോമിയോ ഡിസ്പൻസറി, മേത്തല | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി നാരായണമംഗലം | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| കൃഷി ഓഫീസർ, കൃഷിഭവൻ ,മേത്തല | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷിഭവൻ , കൊടുങ്ങല്ലൂർ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| പട്ടികജാതി വികസന ഓഫീസർ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ എറിയാട് | ശ്രീദേവി പി.എൽ | 1.04.2016 മുതൽ 31.03.2017 വരെ |
| പ്രിൻസിപ്പാൾ, ഗവ:ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| എച്ച്.എം., ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| ഹെഡ് മാസ്റ്റർ,ഗവ:എച്ച്.എസ്.,പുല്ലൂറ്റ് | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| പ്രിൻസിപ്പാൾ, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ശൃംഗപുരം | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| എച്ച്.എം., ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, ശൃംഗപുരം | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ് (ബി.എച്ച്.എസ്), കൊടുങ്ങല്ലൂർ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| എച്ച്.എം, ജി.എൽ.പി.എസ് കൊടുങ്ങല്ലൂർ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, ആനാപ്പുഴ | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, മേത്തല | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| എച്ച്.എം.എൽ. പി. എസ്, പാലിയം തുരുത്ത് | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |
| എച്ച്.എം , ജി.എൽ.പി.എസ് , പുല്ലൂറ്റ് | പേര് വിവരം ലഭ്യമാക്കിയിട്ടില്ല | കാലയളവ് ലഭ്യമാക്കിയിട്ടില്ല |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | വസ്തു നികുതി പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കണം സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 2-1 |
| 13 | സർക്കാർ അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിക്കണം. | 2-2 |
| 14 | അനധികൃത നിർമ്മാണം-നികുതി ഈടാക്കണം – തുടർ നടപടി സ്വീകരിക്കണം. | 2-3 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയം പുന: പരിശോധിക്കണം. | 2-4 |
| 16 | യു.എ രജിസ്റ്ററിലെ രേഖപെടുത്തലുകൾ. തുടർ നടപടി സ്വീകരിക്കണം. | 2-5 |
| 17 | റവന്യൂ ഡാറ്റാബേസ് പൂർത്തീകരിച്ചിട്ടില്ല. | 2-6 |

| | | |
|---|---|---|
| 18 | പരസ്യ നികുതി കുടിശ്ശിക ഈടാക്കാൻ നിയമാനുസൃത നടപടി സ്വീകരിക്കണം. | 2-7 |
| 19 | 1.4.13 ന ശേഷം നിയമിച്ച കണ്ടിജന്റ് ജീവനക്കാർക്ക് PRAN ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-8 |
| 20 | പെർമിറ്റ് രജിസ്റ്റർ ആധികാരികമായി സൂക്ഷിച്ചിട്ടില്ല | 2-9 |
| 21 | അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിപ്പ് ആധികാരികമല്ല. | 2-10 |
| 22 | ജില്ലാ കലക്ടറുടെ അനുമതിയില്ലാതെ അനധികൃകെട്ടിടത്തിനുള്ളിൽ മസ്ജിദ് പ്രവർത്തനം | 2-11 |
| 23 | ഫയർ എൻ.ഒ.സി. ലഭിക്കാത്ത അനധികൃത കെട്ടിടം | 2-12 |
| 24 | അനധികൃതടവർ നിർമാണം | 2-13 |
| 25 | മുൻസിഫ് -മജിസ്ട്രേറ്റ് കോടതി പ്ലോട്ടിനുള്ളിൽ ബാർ അസോസിയേഷന്റെ കെട്ടിടനിർമാണം -അപാകതകൾ | 2-14 |
| 26 | കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ -അംഗീകൃതകെട്ടിട നമ്പർ നൽകിയിട്ടില്ല | 2-15 |
| 27 | ട്രേഡേഴ്സ് അസസ്സ്മെന്റ് ലിസ്റ്റ്, ഡി ആന്റ് ഒ അപാകതകൾ | 2-16 |
| 28 | തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാതെ വരുമാന നഷ്ടമുണ്ടാക്കുന്നു | 2-17 |
| 29 | പണം സാംഖ്യയിൽ അടവാക്കാതെ ഒരുമാസത്തോളം കാഷ് ചെസ്റ്റിൽ സൂക്ഷിച്ചു | 2-18 |
| 30 | സാംഖ്യ സോഫ്റ്റ്വെയറിൽ 2016-17 സാമ്പത്തിക വർഷത്തിലെ ഡാറ്റാ എൻട്രി സമയബന്ധിതമായി നടത്തിയിട്ടില്ല | 2-19 |
| ഭാഗം 3 | | |
| 31 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് കരാറുകാരനിൽ നിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടില്ല. | 3-1 |
| 32 | വസ്തുനികുതി അധികം അടവാക്കിയത് തിരികെ നൽകിയത് | 3-2 |
| 33 | വാഹനങ്ങളുടെ മെയിന്റനൻസ് -നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-3 |
| 34 | കേരളോത്സവം-അപാകതകൾ | 3-4 |
| 35 | രജിസ്ട്രേഷൻ വൈകിയത് മൂലം പിഴ അടവാക്കിയത് -തടസ്സപ്പെടുത്തുന്നു. | 3-5 |
| 36 | ചലാൻ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു. | 3-6 |

| | | |
|---|---|---|
| 37 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 38 | അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-8 |
| 39 | വിവിധ പ്രവർത്തികൾക്ക് വിവിധ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയത് പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. | 3-9 |
| 40 | കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല | 3-10 |
| 41 | ആയുർവ്വേദ ആശുപത്രി മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല | 3-11(a) |
| 42 | തിരുവല്ലൂർ ഗവ. ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 3-11(b) |
| 43 | സാധുക്കളായ വിധവകളുടെ മക്കൾക്ക് വിവാഹധനസഹായം -അപാകതകൾ | 3-12 |
| 44 | പത്താം തരം തുല്യതാ കോഴ്സ് -രേഖകൾ ഹാജരാക്കിയിട്ടില്ല | 3-13 |
| 45 | പത്താം തരം തുല്യതാ കോഴ്സ് -രേഖകൾ ഹാജരാക്കിയിട്ടില്ല | 3-14 |
| 46 | സാമൂഹ്യക്ഷേമ പെൻഷനുകൾ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. | 3-15 |
| 47 | ഗവ.വിദ്യാലയങ്ങളിലേക്ക് ലാബ് ഉപകരണങ്ങൾ -അപാകതകൾ | 3-16 |
| 48 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -പൂർത്തീകരണവിവരം ഹാജരാക്കേണ്ടതാണ്. | 3-17 |
| 49 | നഗരസഭ പരിധിയിലെ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- നാളിതു വരെ വിതരണം നടത്തിയിട്ടില്ല. | 3-18 |
| 50 | പെൻഷൻ കോൺട്രിബ്യൂഷൻ -കുടിശ്ശിക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-19 |
| 51 | അംശാദായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-20 |
| 52 | കെ.യു.ആർ.ഡി.എഫ്.സി .വായ്പ -ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-21 |
| 53 | സി.എൽ.ആർ നിയമനം നടത്തി വേതനം നൽകി വരുന്നു. | 3-22 |
| 54 | വയോമിത്രം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-23 |
| 55 | അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങിയത് | 3-24 |
| 56 | ഭിന്നശേഷിയുള്ളവർക്ക് മോട്ടോറൈസ്ഡ് വാഹനം നൽകൽ- ഗുണഭോക്താക്കൾക്ക് ലൈസൻസ് ഇല്ല | 3-25 |

| | | |
|---|---|---|
| 57 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് യഥാർത്ഥ വാടക,വൈദ്യുതി ബിൽ, വാട്ടർ ചാർജ്ജ് എന്നിവ നൽകാൻ നടപടി സ്വീകരിക്കണം. | 3-26 |
| 58 | അംഗൻവാടി കെട്ടിടങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. | 3-27 |
| 59 | ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് സ്വന്തമായി ഓഫീസ് സംവിധാനം ഇല്ല | 3-28 |
| 60 | വെള്ളക്കരം കുടിശ്ശിക പെരുകുന്നു- തുടർ നടപടി സ്വീകരിക്കണം. | 3-29 |
| 61 | നഗരസഭയിലെ മാലിന്യ സംസ്കരണം- വിവിധയിനങ്ങളിൽ എയറോബിക് കമ്പോസ്റ്റ് ബിൻ സ്ഥാപിക്കുന്നത്-കൃത്യമായ ആസൂത്രണം ആവശ്യമാണ്. | 3-30 |
| 62 | വാതക ക്രിമിറ്റോറിയം ഫർണസ് സ്ഥാപിക്കൽ- ട്രയൽ റൺ നടത്തി പ്രവർത്തന ക്ഷമത ഉറപ്പുവരുത്തണം. | 3-31 |
| 63 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. തുക തടസ്സപ്പെടുത്തുന്നു. | 3-32 |
| 64 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-ഗുണഭോക്താക്കളെ വാർഡ് സഭ അംഗീകരിച്ചിട്ടില്ല. | 3-33 |
| | ഭാഗം 4 | |
| 65 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 66 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 67 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 68 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 69 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 70 | ഓഡിറ്റ് റിക്കവറി | 4.6 |
| 71 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 72 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 73 | ഓഡിറ്റ് സർട്ടിഫിക്കറ്റ്- അനുബന്ധം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് 10.3.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചു. ഇപ്രകാരം വരവ് 67,34,70,801/- രൂപയും, ചെലവ് 65,15,91,331/- രൂപയുമായിരുന്നു. യഥാർത്ഥ വരവ് ചെലവുകളും ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ ഗണ്യമായ അന്തരം

പുലർത്തുന്നതിനാൽ ഭാവിയിൽ ബജറ്റ് വസ്തുനിഷ്ഠമായി തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 4.8.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്ക് അപാകതകൾ

1)നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

2.)സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

3)പ്രധാന വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളും ഡിസിബിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4)സഞ്ചയയിൽ വസ്തു നികുതിയുടെ വിവരങ്ങൾ ഉൾപെടുത്തിയിട്ടില്ല. ഡി.സി.ബി.കണക്കുകൾ തയ്യാറാക്കാത്തതിനാൽ വസ്തു നികുതി കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5) ക്ലോസിംഗ് സ്റ്റോക്ക് ബാലൻസ് ഷീറ്റ് പ്രകാരം 0 ആയി രേഖപെടുത്തിയിരിക്കുന്നു. അതേ സമയം സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6)നഗരസഭയുടെ വാർഷിക കണക്ക് പട്ടിക ബി-15 പ്രകാരം other receivables (current) 80,67,243 രൂപയും, other receivables (arrears) 1,99,60,407 രൂപയും കൂടി 2,80,27,650/-രൂപ പിരിഞ്ഞു കിട്ടാനുള്ളതായി കാണുന്നു. എന്നാൽ ഏതൊക്കെ ഇനങ്ങളിലാണ് ടി തുക പിരിഞ്ഞു കിട്ടാനുള്ളതെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ കൃത്യമായ മറുപടി നൽകിയിട്ടില്ല. അതേ സമയം വസ്തു നികുതി കുടിശ്ശികയായി തൻവർഷത്തിൽ 77,85,921 രൂപയും കുടിശ്ശികയിനത്തിൽ 10,74,955 രൂപയുമാണ് രേഖപെടുത്തിയിട്ടുള്ളത്. 44 വാർഡുകളിൽ നിന്നുള്ള നഗരസഭയുടെ നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക കേവലം 10.74 ലക്ഷം രൂപയാണോയെന്നത് പരിശോധിക്കേണ്ടതാണ്.
7)ബാലൻസ് ഷീറ്റ് പട്ടിക ബി.5 പ്രകാരം 1,29,80,006/- രൂപ വായ്പ തിരിച്ചടവാക്കാനുണ്ട്. ടി മുഴുവൻ വിവരങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
8)തിരിച്ചടക്കാതെ ശേഷിക്കുന്ന വായ്പ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല. തിരിച്ചടക്കേണ്ട തുകയുടെ മുഴുവൻ വിവരങ്ങളും ലഭ്യമായിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 474,12,332.98 |
| വരവ് | 26,74,23,624 |
| ആകെ | 314835956.98 |
| ചെലവ് | 25,32,95,230 |
| നീക്കിയിരിപ്പ് | 6,15,40,726.98 |

## 1-5 ഫണ്ട് വിനിയോഗം

കൺസോളിഡേറ്റഡ് ഫണ്ട്

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 54892758 | 54892758 | 42045167 | 12847591 | 76.60 |
| വികസനഫണ്ട് എസ്.സി.പി. | 0 | 18033147 | 18033147 | 14672266 | 3360881 | 81.36 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23465199 | 23465199 | 9670672 | 13794527 | 41.21 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 13651419 | 13651419 | 5792765 | 7858654 | 42.43 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 71394332 | 71394332 | 54493432 | 16900900 | 76.32 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 11972470 | 11972470 | 4747997 | 7224473 | 39.65 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 390 | 267979584 | 224 | 131422299 | 143 | 23 | 57.43 % |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.11.89 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 41020085 | 49273411 | 8253326 | +20.12 |
| നികുതിയേതര വരവുകൾ | 13616534 | 13583139 | -33395 | -0.24 |
| മറ്റുവരവുകൾ | 17977191 | 1123388 | -16853803 | -93.75 |
| ആകെ | 72613810 | 63979938 | 8633872 | -11.89 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 341880 | 393 |
| കർഷകതൊഴിലാളി പെൻഷൻ | 3792540 | 460 |
| വിധവാപെൻഷൻ | 27687290 | 2644 |
| വാർദ്ധക്യകാലപെൻഷൻ | 48490415 | 5431 |
| വികലാംഗപെൻഷൻ | 7951530 | 710 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കൾക്കുള്ള പെൻഷൻ | 1507530 | 159 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.9.17 4.25 pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 138301 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. 18/7/13 ലെ GO(MS)255/13 നം ഉത്തരവിൽ ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ കാലികമാക്കി സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആസ്തികളുടെ സംരക്ഷണ, വിപുലീകരണ പ്രവൃത്തികൾ ആവിഷ്കരിക്കുന്നത് കുറ്റമറ്റ രീതിയിലാണോ എന്ന് വിലയിരുത്തുന്നതിന് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. പക്ഷെ മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സംരക്ഷണ വിപുലീകരണ പ്രവൃത്തികൾ നടത്തിയതിന്റെ വിവരങ്ങളും, ചെലവഴിച്ച തുകകളും രേഖപ്പെടുത്തിയിട്ടില്ല. ആസ്തികളിൽ കുറവ്, തേയ്മാനം എന്നിവ സംഭവിച്ചാലും സമയോചിതമായി രേഖപ്പെടുത്തലുകൾ വേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത്എത്രയും വേഗം കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് . നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.04.2015 മുതൽ 2.05.15 വരെ | 2012-13 മുതൽ 14-15 വരെ | 11.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ | ലഭ്യമല്ല | 2014-15, 2015-16 | 13/02/2017 |

| ഓഡിറ്റ് | | | |
|---|---|---|---|

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കണം സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

കൊടുങ്ങല്ലൂർ നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുനിസിപ്പൽ പ്രദേശത്തെ 24 വാർഡുകളിൽ 18623 കെട്ടിടങ്ങളും മേത്തല സോണൽ ഓഫീസ് പരിധിയിലുള്ള 20 വാർഡുകളിൽ 15709 കെട്ടിടങ്ങളും അടക്കം ആകെ 34332 കെട്ടിടങ്ങൾ ഉണ്ട്. 14.1.11 ലെ സ.ഉ.(അ)18/11 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനും 2013 ലെ കേരള മുനിസ്സാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ളവർക്ക് 1.4.13 മുതലും പുതുക്കിയ നികുതി പ്രാബല്യത്തിൽ വരുത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ നഗരസഭയിലെ 44 വാർഡുകളിലും കെട്ടിടങ്ങൾക്ക് നമ്പർ നൽകി അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കുന്നതിന് 30.5.11 ലെ 1(എ) നമ്പറായി കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററുകളും രേഖകളും കാലികമല്ലായെന്ന കാരണം ചൂണ്ടിക്കാട്ടി സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കാതിരിക്കുകയും തുടർന്ന് 31.12.15 ലെ 10-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പുതിയ കെട്ടിടങ്ങൾക്ക് മാത്രം പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയാൽ മതിയെന്നും പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടപ്പാക്കേണ്ടതില്ലായെന്നും നഗരസഭ തീരുമാനമെടുക്കുകയുണ്ടായി.

കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ അനുവദിക്കപ്പെട്ട സമയത്തിനകം സമർപ്പിക്കാതിരുന്നാൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറു മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ശേഖരിക്കേണ്ടതും വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട ഉടമയെ അറിയിക്കേണ്ടതുമാണ്. എന്നാൽ കെട്ടിടത്തെ സംബന്ധിച്ച് സ്ഥലത്തുപോയി വിവരങ്ങൾ ശേഖരിക്കുവാൻ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താത്തപക്ഷം തന്മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നഗരസഭ പഴയ മുനിസിപ്പൽ പ്രദേശത്തെ കെട്ടിട ഉടമകളിൽ നിന്ന് ഫോറം 2 പ്രകാരം അപേക്ഷകൾ സ്വീകരിക്കുകയും വസ്തു നികുതി നിർണ്ണയിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപെടുത്തുകയും ചെയ്തിരുന്നു. അതേസമയം കൂട്ടിച്ചേർക്കപ്പെട്ട മേത്തല സോണൽ പരിധിയിൽ നികുതി പരിഷ്കരണത്തിന്റെ അപേക്ഷകൾ കെട്ടിട ഉടമകളിൽ നിന്ന് സ്വീകരിച്ചിട്ടില്ല. എന്തു തന്നെ ആയിരുന്നാലും കെട്ടിട നികുതി പരിഷ്കരണം തൽക്കാലം നടപ്പാക്കേണ്ടതില്ലായെന്ന കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ വസ്തുനികുതി പരിഷ്കരണം നഗരസഭയിൽ നാളിതു വരെ യാഥാർത്ഥ്യമായിട്ടില്ല.

നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 1/17 വരെ പുതിയ രീതിയിലുള്ള വസ്തു നികുതി നിർണ്ണയം നടപ്പാക്കിയിട്ടുള്ളത് 1443 കെട്ടിടങ്ങൾക്ക് മാത്രമാണ്. അതായത് 5% കെട്ടിടങ്ങൾക്ക് പോലും പുതിയ നിരക്കിൽ നികുതി നിർണ്ണയിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 27.4.15 ലെ സ.ഉ(എം.എസ്) 144/15 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 660 sq.ft. വരെയുള്ള കെട്ടിടങ്ങളെ മാത്രമേ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. 2000 sq.ft. വരെയുള്ള കെട്ടിടങ്ങളിൽ രൂപമാറ്റം വരുത്തിയവക്കും വിസ്തീർണം ഇതിലധികരിക്കുന്ന പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും, വാണിജ്യ കെട്ടിടങ്ങൾക്കും നികുതി വർധന ബാധകമാണ്. 94 ൽ നിശ്ചയിച്ച വാർഷിക വാടക മൂല്യത്തിന് പകരമായി

പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന വരുമാന വർധന സംബന്ധിച്ച യാതൊരു പരിശോധനയും നഗരസഭ നടത്തിയിട്ടില്ല. മറിച്ച് നികുതി പരിഷ്കരണത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി പരിഷ്കരണം നടപ്പാക്കാതിരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

കേരള മുനിസിപാലിറ്റി നിയമം വകുപ്പ് 539 പ്രകാരം മൂന്ന് വർഷങ്ങൾക്ക് മുൻപുള്ള നികുതി ഡിമാന്റ് ചെയ്യാതിരുന്നാൽ അത് കാലഹരണപ്പെടുന്നതും കക്ഷിക്ക് അടക്കാൻ ബാധ്യതയില്ലാത്തതുമാണ്. അതേസമയം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുക കാലഹരണപ്പെടുന്നതിന് കാരണക്കാരനായ ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം ഈടാക്കുന്നതിന് ടി വകുപ്പ് ഉപവകുപ്പ് (2) ൽ നിർദ്ദേശിക്കുന്നുണ്ട്. 94 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിന് സർക്കാർ നൽകിയ നിർദ്ദേശം നടപ്പാക്കേണ്ടതില്ലായെന്ന് തീരുമാനമെടുത്തതിലൂടെ നഗരസഭയ്ക്ക് വസ്തു നികുതിയിനത്തിൽ ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. നിയമവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതു മൂലം സർക്കാർ സ്ഥാപനത്തിന് നഷ്ടമുണ്ടാകുന്ന പക്ഷം ഈ നഷ്ടത്തിന് ഉത്തരവാദികൾ തീരുമാനമെടുത്തവർ മാത്രമായിരിക്കും എന്ന് ബഹു.ഹൈക്കോടതി W.P(c)198911 of 2011(H) കേസിന്റെ വിധി പ്രസ്താവത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ വസ്തുനികുതി പരിഷ്കരണം നടപ്പാക്കേണ്ടതില്ലായെന്ന കൗൺസിൽ തീരുമാനം പുനപരിശോധിക്കുന്നതിനും എത്രയും വേഗം നികുതിപരിഷ്കരണം നടപ്പാക്കുന്നതിനുമായി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് ഇക്കാര്യത്തിൽ ഭരണ സമിതിയുടെയും സർക്കാരിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 സർക്കാർ അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിക്കണം.

7.10.09 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി നിയമം, 14.1.11 ന് നിലവിൽ വന്ന ടി ചട്ടങ്ങൾ എന്നിവ പ്രകാരം അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ.(അ) 17/11ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന 14.1.11 മുതൽ ടി സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. കേരള മുനിസിപ്പൽ നിയമത്തിൽ 25.11.12 ൽ കൂട്ടിചേർക്കപെട്ട വകുപ്പ് 235 (ബിഎ) പ്രകാരം സർക്കാർ അംഗീകാരമുള്ള ഹയർസെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രമേ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. എന്നാൽ 2011-12 രണ്ടാം അർധവർഷം മുതൽ നഗരസഭയുടെ മേത്തല സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മേൽ ഉത്തരവിലെ നിർദ്ദേശപ്രകാരം വസ്തുനികുതി നിർണയിച്ച് ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുകയോ, നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | വിസ്തീർണം (ച.മീറ്ററിൽ) |
|---|---|---|---|
| 1 | V/620 | സെക്രട്ടറി, ഒന്നു കുറേ ആയിരം യോഗം (ഭാരതീയ വിദ്യാഭവൻ) | 5358.75 |
| 2 | V/736-739 | പ്രിൻസിപ്പാൾ സെന്റ് തോമസ് കോളേജ്, സെന്റ് തോമസ് സ്കൂൾ,ശൃംഗപുരം. | 1014.39 |
| 3 | V/1015,V/1014 | സെക്രട്ടറി ചേരമാൻ മാലിക് മൻസിൽ ഓർഫനേജ്(എച്ച്.എം.ഐ.ടി.സി) | 520 |
| 4 | UA.VI/94 | പ്രസിഡണ്ട്. എസ്.എൻ.ഡി.പി. ശാഖായോഗം,പൽപു മെമ്മോറിയൽ | 2261.985 |

| | | | |
|---|---|---|---|
| | | ബി.എഡ്.കോളേജ്, എൽതുരുത്ത് | |
| 5 | IX/295 | മാനേജർ,സെന്റ് തോമസ് ഐ.ടി.സി.കോട്ടപ്പുറം | 483.7 |

മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 അനധികൃത നിർമ്മാണം-നികുതി ഈടാക്കണം-തുടർ നടപടി സ്വീകരിക്കണം.

നഗരസഭയുടെ റവന്യൂ വിഭാഗത്തിൽ സൂക്ഷിക്കുന്ന അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പേജ് 37 ൽ കെട്ടിട നം. UA.VII/273(D)ആയി മജീദ്, അഷറഫ്, സലാം എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള കൊടുങ്ങല്ലൂർ-തൃശ്ശൂർ പാതയിൽ ഷീറ്റ് മേഞ്ഞ മേൽക്കൂരയുള്ള 2252ച.മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിന് @80 രൂപ നിരക്കിൽ 20% വർധന ഉൾപ്പെടെ 2,16,192 രൂപ നികുതി നിശ്ചയിക്കുകയും അനധികൃത നിർമ്മാണമായതിനാൽ മൂന്നിരട്ടി നികുതി ചുമത്തി വാർഷിക നികുതി 6,48,576 രൂപ നിശ്ചയിച്ച് 2011-12 ഒന്നാം അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കുന്നതിന് ഫയൽ നം. R1.18759/16 ആയി രേഖപ്പെടുത്തിയിരുന്നു. തുടർന്ന് മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനനികുതിയും) ചട്ടങ്ങൾ 2011 ചട്ടം 14(I) പ്രകാരം കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി 16.6.16 തീയതിയിൽ പ്രതിവർഷം 6,81,005 രൂപ നിശ്ചയിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. കേരള മുനിസിപ്പൽ നിയമം വകുപ്പ് 242 പ്രകാരം തുടർനടപടികൾ സ്വീകരിക്കുകയോ ടി നിയമം വകുപ്പ് 282 പ്രകാരം നികുതി ചുമത്തേണ്ട തീയതി മുതൽ നാലു വർഷത്തിനുള്ളിൽ നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. നഗരസഭയോട് തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന ഒരു സ്ഥാപനത്തിൽ അനധികൃതമായി നടത്തിയ നിർമ്മാണ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കാമായിരുന്നിട്ടും 2011-12 മുതൽ നികുതി നിശ്ചയിച്ച് ഈടാക്കാൻ സാധിക്കുമായിരുന്നിട്ടുകൂടി അഞ്ചു വർഷത്തിനു ശേഷമാണ് നികുതി നിർണ്ണയിച്ച് ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുള്ളത്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം മൂന്ന് വർഷങ്ങൾക്ക് മുൻപുള്ള നികുതി ഡിമാന്റ് ചെയ്യാതിരുന്നാൽ അത് കാലഹരണപ്പെടുന്നതും കക്ഷിക്ക് അടക്കാൻ ബാധ്യതയില്ലാത്തതുമാണ്. ആയതു പ്രകാരം 2011-12, 2012-13 വർഷത്തേക്കുള്ള നികുതി 13,62,010/- രൂപ കാലഹരണപ്പെട്ടതായാണ് കാണുന്നത്. അതേസമയം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുക കാലഹരണപ്പെടുന്നതിന് കാരണക്കാരനായ ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം ഈടാക്കുന്നതിന് ടി വകുപ്പ് ഉപവകുപ്പ് (2) ൽ നിർദ്ദേശിക്കുന്നുണ്ട്. നിലവിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ പേജ് നം. 38ൽ ടി സ്ഥാപനത്തിന്റെ വിസ്തീർണ്ണം 574.34 ആയി മാറ്റുകയും 50541രൂപയായി നികുതി പുനർ നിർണ്ണയിച്ച് മൂന്നിരട്ടി നികുതിയായ 151623 രൂപ നിശ്ചയിച്ച് 2013-14 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കുന്നതിന് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഫയൽ ഓഡിറ്റിനു ലഭ്യമാക്കുകയോ വിസ്തീർണ്ണം വ്യത്യാസപ്പെടാനുള്ള കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിലവിലെ വിസ്തീർണ്ണത്തിനാനുപാതികമായി പുതിയ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് ചുമത്താവുന്ന നികുതി നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നികുതി കാലഹരണപ്പെടുന്നതിന് ഇടയായ സാഹചര്യങ്ങൾ പരിശോധിച്ച് ഉത്തരവാദികളിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം പുന പരിശോധിക്കണം.

കൊടുങ്ങല്ലൂർ നഗരസഭാ പരിധിയിൽ 29 ടവറുകൾ ഉള്ളതായി രേഖപെടുത്തിയിട്ടുണ്ട്. ഒട്ടുമിക്ക ടവറുകളുടെയും പ്ലിന്ത് ഏരിയ 2 ച.മീറ്റർ ആയിട്ടാണ് രേഖപെടുത്തിയിട്ടുള്ളത്. നിലവിൽ ഈ ടവറുകൾക്ക് വാർഷിക വാടക അടിസ്ഥാനത്തിലുള്ള വസ്തു നികുതിയാണ് ഈടാക്കിവരുന്നത്. ചില ഉദാഹരണങ്ങൾ

ചേർക്കുന്നു.

| ഓപ്പറേറ്ററുടെ പേര് | വാർഡ്/ കെട്ടിട നം. | നിർണ്ണയിച്ച നികുതി. |
|---|---|---|
| എസ്സ്കോടെൽ | XXIV/I/194(1) | 272 |
| ഹച്ച്സൺ | XIV/4034 | 2328 |

ഒരു ടവറിന്റെ വിസ്തീർണം കണക്കാക്കുമ്പോൾ അനുബന്ധ ഘടകങ്ങളായ ടവർ, ഡിജിസെറ്റ്, ഷെൽട്ടർ എന്നിവ കൂടി കണക്കിലെടുക്കേണ്ടതാണ്. ഇത്തരത്തിൽ വിസ്തീർണം കണക്കാക്കുമ്പോൾ ഒരു ടവറിന് കുറഞ്ഞത് 20 ച.മീറ്റർ എങ്കിലും വിസ്തീർണം ഉണ്ടാകേണ്ടതാണ്. എസ്.ആർ.ഒ നം.36/2011 വിജ്ഞാപന പ്രകാരം പ്രാബല്യത്തിൽ വന്ന 14.1.11 മുതൽ ബാധകമായ നിരക്കുകൾ പരിഗണിച്ചാൽ മൊബൈൽ ടെലിഫോൺ ടവറുകൾക്ക് ച.മീറ്ററിന് 500 രൂപയാണ് കുറഞ്ഞ നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. ആയതു പ്രകാരം ഓരോ ടവറിനും കുറഞ്ഞത് 20 ച.മീറ്റർ വിസ്തൃതി കണക്കാക്കുമ്പോൾ ലഭിക്കേണ്ട കുറഞ്ഞതുകയായ 10,000 രൂപയ്ക്ക് പകരമായി നിലവിൽ ലഭിക്കുന്നത് മേൽ പ്രകാരം സൂചിപ്പിച്ചിട്ടുള്ള നാമമാത്രമായ തുകയാണ്. ആയതിനാൽ നിലവിൽ കണക്കാക്കിയിട്ടുള്ള വിസ്തീർണം പുനപരിശോധിച്ച് പുതിയ നിരക്കിൽ നികുതി പുനർ നിർണയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 യു.എ രജിസ്റ്ററിലെ രേഖപെടുത്തലുകൾ. തുടർ നടപടി സ്വീകരിക്കണം.

നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗവും റവന്യൂ വിഭാഗവും പ്രത്യേകം യു.എ. രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. റവന്യൂ സെക്ഷനിൽ വാർഡ് തിരിച്ചും എഞ്ചിനീയറിംഗ് വിഭാഗത്തിൽ പൊതുവായും അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട്. എന്നാൽ ഈ രണ്ട് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുൻ വർഷങ്ങളിൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങൾക്ക് നമ്പർ ഇടുമ്പോൾ കണ്ടെത്തിയ പുതിയ കെട്ടിടങ്ങൾ, കെട്ടിടങ്ങളിൽ നടത്തിയ കൂട്ടിചേർക്കലുകൾ എന്നിവയിലെ വിവരങ്ങൾ റവന്യൂ വിഭാഗത്തിന്റെ രജിസ്റ്ററിലും, എഞ്ചിനീയറിംഗ് വിഭാഗം കണ്ടെത്തിയ അനധികൃത കെട്ടിടങ്ങൾ അവരുടെ രജിസ്റ്ററിലും രേഖപ്പെടുത്തുന്നു. ഇങ്ങിനെ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് അനധികൃത കെട്ടിടങ്ങളായി കണക്കാക്കി റവന്യൂ വിഭാഗത്തിൽ നിന്നും തുടർ നടപടി സ്വീകരിക്കാത്തതുമൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ വിവിധ സെക്ഷനുകളിലെ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററുകൾ ഒത്തു നോക്കി യഥാസമയം തുക ഡിമാന്റ് ചെയ്യുന്നതിനും ഓരോ അനധികൃത നിർമ്മാണവും യഥാസമയം റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2-6 റവന്യൂ ഡാറ്റാബേസ് പൂർത്തീകരിച്ചിട്ടില്ല.

ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും നഗരസഭയിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുമായി വസ്തുനികുതി, ഡി.&ഒ.ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയവയെ സംബന്ധിച്ച് റവന്യൂ ഡാറ്റാബേസ് തയ്യാറാക്കി കംപ്യൂട്ടറൈസ് ചെയ്യുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും 25.9.13 ലെ ജി.ഒ(ആർ.ടി) 2380/13.ത.സ്വ.ഭ.വ ഉത്തരവിലൂടെ ആവശ്യപ്പെടുകയും 11.10.15 ലെ Rc.2-976/15 ത.സ്വ.ഭ.വ കത്തു പ്രകാരം 2016മാർച്ച് 31 ന മുൻപായി ഡാറ്റാബേസ് പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ നഗരസഭയിൽ നടപ്പാക്കിയിട്ടില്ല.

വസ്തുനികുതിയുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി പഴയ നിരക്കിലുള്ള വസ്തുനികുതി ഡാറ്റാ എൻട്രി നടത്തുന്നതിനായി നഗരസഭയിലെ പുല്ലൂറ്റ് പ്രവർത്തിക്കുന്ന അക്ഷയ സെന്ററിനെ ഏൽപ്പിക്കുന്നതിന് 20.10.16ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 1ാം നമ്പറായി തീരുമാനമെടുക്കുകയും പഴയ നഗരസഭാ പ്രദേശത്തെ 18527 കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി 575 എണ്ണത്തിന് അപ്രൂവൽ നൽകിയതായി നഗരസഭ മറുപടി നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ പഴയ മുനിസിപ്പൽ പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിക്കുകയോ, മേത്തല സോണൽ പരിധിയിലെ ഒരു വാർഡിലെ പോലും കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടത്തുകയോ ചെയ്തിട്ടില്ല. വസ്തുനികുതി പരിഷ്കരണം നടപ്പാക്കി ഡാറ്റാബേസ് തയ്യാറാക്കുകയാണെങ്കിൽ നികുതി പരിഷ്കരണത്തിനുശേഷം വീണ്ടും ഡാറ്റാ എൻട്രി നടത്തേണ്ട സാഹചര്യം ഒഴിവാക്കാനും വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട ജോലിഭാരം കുറയ്ക്കാനും സാധിക്കുന്നതാണ്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നഗരസഭയിൽ വസ്തുനികുതി പരിഷ്കരണം പഴയ കെട്ടിടങ്ങൾക്ക് നടപ്പാക്കേണ്ടതില്ലായെന്ന് തീരുമാനമെടുത്തിരിക്കുകയാണ്. മറ്റു റവന്യൂ വരവിനങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എത്രയും വേഗം റവന്യൂ വരവിനങ്ങളുടെ ഡാറ്റാ ബേസ് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 പരസ്യ നികുതി കുടിശ്ശിക ഈടാക്കാൻ നിയമാനുസൃത നടപടി സ്വീകരിക്കണം.

നഗരസഭയുടെ 15-16 സാമ്പത്തിക വർഷത്തിൽ പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം കരസ്ഥമാക്കിയ ശ്രീ. പി.വി.രമണൻ, പോണത്ത് വീട്, കൊടുങ്ങല്ലൂർ എന്നയാൾ പരസ്യ നികുതിയിനത്തിൽ 29100 കുടിശ്ശിക വരുത്തിയതായി കാണുന്നു. ഇക്കാര്യത്തിൽ ടിയാനെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കുന്നതിന് ആർ.2-1664/13 നമ്പർ ഫയൽ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-8 1.4.13 ന ശേഷം നിയമിച്ച കണ്ടിജന്റ് ജീവനക്കാർക്ക് PRAN ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് പ്രത്യേകം പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനും ജി.ഒ.(പി)96/97 ലെ വ്യവസ്ഥകൾ പാലിക്കുന്നതിനും 31.1.08 ലെ ഇ2.18499/07 കത്തു പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപെട്ടിരുന്നു. ഇതിനെ തുടർന്ന് നഗരസഭ കൊടുങ്ങല്ലൂർ സബ് ട്രഷറിയിൽ ടി.പി.എ.219 നമ്പറായി പെൻഷൻഫണ്ട് അക്കൗണ്ട് ആരംഭിക്കുകയും ജീവനക്കാരുടെ മൊത്തശമ്പളത്തിന്റെ 15% തുക പെൻഷൻ വിഹിതമായി കണക്കാക്കി ടി അക്കൗണ്ടിൽ നിക്ഷേപിച്ചു വരുന്നു. നഗരസഭയിൽ 25 സ്ഥിരതസ്തികകളാണുള്ളത് ഇതിൽ 1.4.13 ന ശേഷം നിയമനം നൽകിയ 6 പേർക്ക് അവരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കുന്നുണ്ടെങ്കിലും ടി തുക പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല. 1.4.13 ന ശേഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി ഫാമിലി പെൻഷൻ പദ്ധതി ബാധകമായതിനാൽ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക തനതുഫണ്ടിൽ സൂക്ഷിക്കുകയാണെന്നും ടി തുക പെൻഷൻ ഫണ്ടിൽ അടവാക്കിയിട്ടില്ലെന്നും നഗരസഭ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം 1.4.13 ന ശേഷം നിയമിച്ച ജീവനക്കാർക്ക് PRAN ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും അതുവരെ പെൻഷൻ വിഹിതമായി ജീവനക്കാരിൽ നിന്നും ഈടാക്കുന്ന തുക ഇതിനായി ആരംഭിച്ച ട്രഷറി അക്കൗണ്ടിൽ അടവാക്കാൻ നടപടി

സ്വീകരിക്കേണ്ടതും ആണ്. ഈടാക്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | ഈടാക്കിയ കാലയളവ് | പെൻഷൻ വിഹിതം |
|---|---|---|
| വി.കെ.സുബ്രഹ്മണ്യൻ | 3/14-9/17 | 76086 |
| വി.കെ. രതീഷ്. | 6/14-4/17 | 59809 |
| ഉണ്ണി.സി.എസ്. | 6/17-9/17 | 71823 |
| മുരളീധരൻ | 12/14-9/17 | 69941 |
| എ.എം.ഷാജി | 6/16-9/17 | 29878 |
| രഹിലാൽ | 6/17-9/17 | 7769 |

## 2-9 പെർമിറ്റ് രജിസ്റ്റർ ആധികാരികമായി സൂക്ഷിച്ചിട്ടില്ല

ഫയൽ ആർക്ക് കൈമാറുന്നു എന്ന വിവരം, വസ്തുനികുതി നിർണയിച്ചതിന്റെ വിവരം, സാമ്പത്തികവർഷം ഈയിനത്തിലുള്ള വരവിന്റെ വിവരം എന്നിവ ചേർത്ത് രജിസ്റ്റർ ആധികാരികമായി സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കാൻ നടപടികളെടുക്കേണ്ടതുമാണ്.

## 2-10 അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിപ്പ് ആധികാരികമല്ല.

നഗരസഭയിൽ എൻജിനീയറിങ് വിഭാഗവും റവന്യൂ വിഭാഗവും അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എൻജിനീയറിങ് വിഭാഗം സൂക്ഷിക്കുന്ന രജിസ്റ്റർ ഒട്ടും ആധികാരികമല്ല. ഈ രജിസ്റ്ററിലെ 2, 3 പേജുകളിൽ എൻജിനീയറിങ് വിഭാഗത്തിന്റെ ജോലി സുഗമമാക്കുന്നതിന് ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചുകൊണ്ട് അസി.എൻജിനീയർ G-6926/09/1/10/14 ൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ അസി.എൻജിനീയർ ഒപ്പുവെച്ചിട്ടില്ല. ഉത്തരവ് പ്രകാരം ഓരോരുത്തരും ചെയ്യേണ്ട ജോലി അസി. എൻജിനീയർ ഉൾപ്പെടെ 12 ജീവനക്കാരും ഒപ്പിട്ടിട്ടില്ല.

2016-17 വർഷം 86 ഉം 2017-18 വർഷം 17 ഉം അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും രജിസ്റ്റർ ഒരു ജീവനക്കാരനും ഒപ്പിട്ടില്ല. അനധികൃതനിർമാണം സംബന്ധിച്ച് റവന്യൂ ഇൻസ്പെക്ടർക്ക് ഫയൽ കൈമാറുമ്പോൾ റവന്യൂ ഇൻസ്പെക്ടറുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. എൻജിനീയറിങ് വിഭാഗത്തിൽ സൂക്ഷിക്കുന്ന അനധികൃത കെട്ടിടങ്ങളുടെ വിവരം റവന്യൂ വിഭാഗത്തിൽ സൂക്ഷിക്കുന്ന രജിസ്റ്ററിലെ നിശ്ചിത പേജിലേക്ക് പകർത്തി രേഖപ്പെടുത്തിയാലെ തുടർനടപടി വിവരങ്ങൾ നഗരസഭയിൽ കൃത്യമായി വിലയിരുത്തുവാൻ കഴിയുകയുള്ളൂ. 2016-17ൽ എൻജിനീയറിങ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃതകെട്ടിങ്ങളുടെ രജിസ്റ്ററിലെ ക്രമ നമ്പർ 117 പ്രകാരം ശ്രീമതി. രാധികാമേനോൻ, എന്നവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭാരത് ഗ്യാസ് ഗോഡൗൺ എന്ന സ്ഥാപനത്തിന്റെ വിവരം റവന്യൂ വിഭാഗം സൂക്ഷിക്കുന്ന രജിസ്റ്ററിൽ ചേർത്തിരുന്നില്ല. ഈ കെട്ടിടത്തിന് 15/9/17 ന് പിന്നീട് പെർമിറ്റ് നൽകിയിട്ടുണ്ട്. 11616-17(M) എന്ന നമ്പറിലാണ് ഈ ഫയൽ സൂക്ഷിച്ചിട്ടുള്ളത്.

രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതും ആധികാരികമായി രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതുമാണ്.

## 2-11 ജില്ലാ കലക്ടറുടെ അനുമതിയില്ലാതെ അനധികൃകെട്ടിടത്തിനുള്ളിൽ മസ്ജിദ് പ്രവർത്തനം

ഫയൽ നം.BA-192/14-15

ശ്രീ. അബ്ദുൾ ഗഫൂർ ഞാവേലിപ്പറമ്പിൽ പി.ഒ., പുല്ലൂറ്റ് എന്നവർ 54.41$m^2$ വിസ്തൃതിയിൽ ഒരു ലൈബ്രറി കെട്ടിടം പണിയുന്നതിന് അപേക്ഷ നൽകിയത് പ്രകാരം 5/12/14 ന് നിർമ്മാണാനുമതി നൽകി (ഒരുനിലക്കെട്ടിടം). എന്നാൽ 144$m^2$ വിസ്തൃതിയിൽ ടിയാൻ ഇരുനിലകെട്ടിടം പണിതതിനെതുടർന്ന് 15/10/16 ന് നോട്ടീസ് നൽകി. മുമ്പ് 259/12-13 നം. ഫയൽ പ്രകാരം സ്ഥലമുടമ ഒരു മസ്ജിദ് പണിയുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും സമാധാന അന്തരീക്ഷത്തിന് തടസ്സം വരുമെന്ന് ചൂണ്ടിക്കാട്ടി നഗരസഭാ കൗൺസിലിന്റെ 13/10.3.14 നമ്പർ തീരുമാനപ്രകാരം പെർമിറ്റ് നൽകേണ്ടതില്ല എന്ന് നിശ്ചയിച്ചിരുന്നു. 25/9/14 ന് ശ്രീ. അബ്ദുൾ ഗഫൂർ മസ്ജിദ് പണിയുന്നതിനുള്ള അപേക്ഷ പിൻവലിച്ചിരുന്നു. C8-57047/12/5/10/15 ലെ തൃശ്ശൂർ ജില്ലാ കലക്ടറുടെ ഉത്തരവ് പ്രകാരം മസ്ജിദ് പണിയുന്നതിനുള്ള അനുവാദം നിരസിച്ചിരുന്നു.

പ്രസ്തുത കെട്ടിടത്തിൽ മസ്ജിദ് പ്രവർത്തിക്കുന്നതിനെതിരെ പുല്ലൂറ്റ് മഞ്ഞന മുസ്ലീം മഹല്ല് ജമാഅത്ത് കമ്മിറ്റി സെക്രട്ടറി പരാതിയും സമർപ്പിച്ചിട്ടുണ്ട്.

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് കൊടുങ്ങല്ലൂർ നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ശ്രീ. എം.കെ മാലിക്ക് പ്രസ്തുത പ്രദേശത്ത് മസ്ജിദ് പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ WP(c)25586/16 നം. ആയി കേരള സർക്കാരിനും മറ്റുമെതിരെ കേസും ഫയൽ ചെയ്തിരുന്നു. ഇതിന്റെ വിധി 2/8/17 ന് വന്നിട്ടുള്ളതാണ്. പ്രസ്തുത വിധിയിൽ മതപരമായ പ്രവർത്തനം ഒന്നും നടത്തുന്നില്ല എന്ന് നഗരസഭ ഉറപ്പാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.

കോടതി തീരുമാനം നടപ്പാക്കാത്തതുമൂലം നഗരസഭ കോടതിയലക്ഷ്യം പ്രവർത്തിക്കുന്നതായി ചൂണ്ടിക്കാട്ടി 21/8/17 ന് ശ്രീ. എം.കെ.മാലിക്ക് നഗരസഭക്ക് കത്ത് നൽകി. ഇതേ തുടർന്ന് മസ്ജിദ് പ്രവർത്തനം നിർത്തിവെക്കുന്നത് രേഖാമൂലം ഉറപ്പ് നൽകണം എന്നാവശ്യപ്പെട്ട് ശ്രീ.അബ്ദുൾ ഗഫൂറിന് നഗരസഭ 2/9/17 ന് കത്ത് നൽകിയെങ്കിലും രേഖാമൂലം ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

## 2-12 ഫയർ എൻ.ഒ.സി. ലഭിക്കാത്ത അനധികൃതകെട്ടിടം

ഫയൽ നം.74/16-17,വാർഡ്-4

29/6/16 ന് ശ്രീ. സതീഷ്, വലിയപറമ്പിൽ ഷൺമുഖൻ മകൻ, പി.ഒ.ക്കുളിമുട്ടം, എമ്മാട് എന്നവർ കൊടുങ്ങല്ലൂർ ലോകമലേശ്വരം വില്ലേജ് 626/3 സർവേ നം സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് മുകളിൽ (ബേസ്മെന്റ് ഫ്ലോർ 165.36$m^2$, ഗ്രൗണ്ട് ഫ്ലോർ 128.33$m^2$) 165.63 $m^2$ വീതം വിസ്തൃതിയിൽ വ്യാവസായികാവശ്യത്തിനായി ഒന്നാം നിലയും രണ്ടാം നിലയും പണിതത് ക്രമപ്പെടുത്തുന്നതിനുള്ള അപേക്ഷ നൽകി. 30/7/16 ന് സ്ഥലം പരിശോധിച്ച PWO 11 പ്രസ്തുത കെട്ടിടം പ്ലാനിൽ നിന്ന് വ്യത്യാസമുള്ളതായും ഫയർ എൻ.ഒ.സി. ആവശ്യമാണെന്നും സൂചിപ്പിച്ചു.

അപാകതകൾ ചൂണ്ടിക്കാട്ടി നഗരസഭാ എൻജിനീയർ 30/7/16 ന് കെട്ടിടമുടമസ്ഥനും പ്ലാൻ തയ്യാറാക്കിയ ലൈസൻസിക്കും അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല.

കെട്ടിടം എന്ന് പണി പൂർത്തീകരിച്ചു എന്ന് ഫയലിൽ വ്യക്തമല്ല. 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 ന് വന്ന ഭേദഗതി അനുസരിച്ച് അനധികൃതകെട്ടിടം പണി പൂർത്തിയാക്കുന്നതോ, ഉപയോഗിച്ചുവരുന്നതോ ഏതാണ് ആദ്യം വരുന്നത് ആ തീയതി മുതൽ ക്രവൽകരണം നടത്തുന്നതുവരെ വസ്തുനികുതിയുടെ മൂന്ന് ഇരട്ടി കോമ്പൗണ്ടിങ് ഫീ ഈടാക്കേണ്ടതാണ്. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-13 അനധികൃതടവർ നിർമാണം

ഫയൽ നം.409/15-16/18/2/16,PW2-3413/16

18/2/16 ന് റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് പെരിഞ്ചേരി ബിൽഡിങ്, ഫോർത്ത് ഫ്ലോർ തൃശ്ശൂർ എന്ന സ്ഥാപനം നഗരസഭാ പരിധിയിലുള്ള മേത്തല വില്ലേജിൽ 1005/04 സർവ്വേ നമ്പറിലുള്ള വിദ്യാർഥദായിനി സഭയുടെ സ്ഥലത്ത് $1.62m^2$ വിസ്തീർണത്തിൽ ടവർ പണിയുന്നതിനായി അപേക്ഷ നൽകി (വാർഡ് 24). 29/2/16 ന് PWD 11 നഗരസഭയുടെ അനുവാദം കൂടാതെ പ്രസ്തുതസ്ഥലത്ത് നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതായി റിപ്പോർട്ട് നൽകി.

ഈ അനധികൃതടവർ സംബന്ധിച്ച് ഫോൺ മുഖേന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ടവർ നിർമിച്ചതിന് അഞ്ച് ലക്ഷം രൂപ പിഴ ഒടുക്കണമെന്ന് ചൂണ്ടിക്കാട്ടി PW2-1375/16 /29.1.16 ന് നേരത്തെതന്നെ വിദ്യാർഥദായിനി സഭ പ്രസിഡന്റിനും സെക്രട്ടറിക്കും നോട്ടീസ് അയച്ചിരുന്നതുമാണ്.

ഇതിന് മറുപടിയായി സഭാസെക്രട്ടറി 5/2/16 ന് നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥലത്ത് റിലയൻസ് ഇൻഫോകോം എന്ന സ്ഥാപനത്തിന് നൽകിയ അനുവാദം പിൻവലിച്ചതായി സഭാസെക്രട്ടറി 1/2/16 ന് റിലയൻസ് ഇൻഫോകോം ലിമിറ്റഡ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് കത്തയച്ചതായും കരാർ റദ്ദ് ചെയ്യുന്നതായും കെട്ടിടം പൊളിച്ചുകളയാൻ ആവശ്യപ്പെട്ടതായും സൂചിപ്പിച്ചിട്ടുണ്ട്. റിലയൻസ് ഇൻഫോകോം ലിമിറ്റഡ് നഗരസഭക്ക് എതിരെ 168/16 നമ്പർ ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നൽകി.

ഈ അപ്പീലിന്മേലുള്ള ട്രൈബ്യൂണലിന്റെ വിധി നഗരസഭ സ്വീകരിച്ച തെറ്റായ നടപടികളെ ചൂണ്ടിക്കാട്ടുന്നു.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 406(1), (2) എന്നിവ അനുസരിച്ച് താല്ക്കാലിക ഉത്തരവോ നോട്ടീസോ നൽകാതെയാണ് കെട്ടിടം പൊളിച്ചുകളയുന്നതിനുള്ള നോട്ടീസ് നൽകിയത്.

2.5 ലക്ഷം രൂപ പിഴ ഈടാക്കാനുള്ള നഗരസഭാ കൗൺസിലിന്റെയും സെക്രട്ടറിയുടെയും അധികാരം ഏത് നിയമവ്യവസ്ഥക്ക് വിധേയമെന്ന് ചൂണ്ടിക്കാണിക്കുവാൻ കഴിഞ്ഞിട്ടില്ല.

മെറിറ്റിന്റെ അടിസ്ഥാനത്തിൽ റഗുലറൈസേഷനുള്ള അപേക്ഷ അനുവദനീയമാകുന്നപക്ഷം, കെട്ടിടം പൊളിച്ചുകളയാനുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയില്ലെന്നും വിധിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് നഗരസഭയിൽനിന്നുള്ള 13/9/117 ലെ BA-409/15-16 നം.നോട്ടീസിൽ വിദ്യാർഥദായിനിസഭ ടവർ സ്ഥാപിക്കുന്നതിനുള്ള അനുവാദം റദ്ദ് ചെയ്തതായി സൂചിപ്പിക്കുകയും സഭയുടെ സ്ഥലത്ത് ടവർ നിലനിർത്തുന്നതിന് സാധുതയുള്ള കരാർ ഹാജരാക്കിയാലെ ക്രമവൽകരണത്തിനുള്ള അപേക്ഷയിന്മേൽ തീരുമാനം എടുക്കാൻ കഴിയൂ എന്നും ,സൂചിപ്പിച്ചിട്ടുണ്ട്.

ഈ ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ള വിദ്യാർഥദായിനിസഭ സെക്രട്ടറിയും റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡും തമ്മിലുള്ള 22/1/16 ലെ കരാറിൽ (നോട്ടറി സാക്ഷ്യപ്പെടുത്തിയത്) വിദ്യാർഥദായിനിസഭ സെക്രട്ടറി ഒപ്പുവെച്ചിട്ടില്ല. കരാറിനൊപ്പമുള്ള അനുബന്ധത്തിൽ (ഉപകരണങ്ങൾ, പ്രവർത്തനലിസ്റ്റ്) മാത്രമാണ് സഭാസെക്രട്ടറി ഒപ്പുവെച്ചിട്ടുള്ളത്. ആധികാരികമായ കരാർ നിലവിലില്ലാതെയിരിക്കെ ഇക്കാര്യത്തിൽ വ്യക്തമായ നടപടി താമസംവിനാ സ്വീകരിക്കേണ്ടതാണ്.

## 2-14 മുൻസിഫ് -മജിസ്ട്രേറ്റ് കോടതി പ്ളോട്ടിനുള്ളിൽ ബാർ അസോസിയേഷന്റെ കെട്ടിടനിർമാണം -അപാകതകൾ

31/8/15 ന് നഗരസഭയിലെ PWD 11 കൊടുങ്ങല്ലൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്ലോട്ടിനുള്ളിൽ ബാർ അസോസിയേഷന്റെ കെട്ടിടത്തോട് ചേർന്ന് കേരള മുനിസിപ്പാലിറ്റി കെട്ടിനിർമാണചട്ടങ്ങളിലെ ചട്ടം 24(3)

പാലിക്കാതെ നിലവിലെ കെട്ടിടത്തിൽനിന്നും അകലം പാലിക്കാതെ $10.50M^2$ നീളത്തിൽ മൂന്ന് മീറ്റർ വീതിയിൽ തെക്കുഭാഗത്തായി നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചതായി റിപ്പോർട്ട് നൽകി. 31/8/15 ന് നഗരസഭയിൽനിന്നും 24 മണിക്കൂറിനകം ഈ കെട്ടിടം പൊളിച്ചുമാറ്റാൻ ബാർ അസോസിയേഷൻ സെക്രട്ടറിക്ക് നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയത് ക്രമപ്രകാരമല്ല. 1994 കേരളാമുനിസിപ്പാലിറ്റി നിയമം 406(1), (2) വരകുപ്പനുസരിച്ച് താല്ക്കാലികനോട്ടീസും കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടില്ല. 7/9/15 ന് അഡ്വക്കേറ്റ് ശ്രീ.പി.കെ.പുരുഷോത്തമൻ അനധികൃതകെട്ടിടം സംബന്ധിച്ച് പരാതി നൽകിയിട്ടുമുണ്ട്.

14/10/15 ന് നഗരസഭാ സെക്രട്ടറിയുടെ ഒപ്പോടുകൂടിയല്ലാത്ത ബാർ അസോസിയേഷൻ സെക്രട്ടറിക്കുള്ള ഒരു താല്ക്കാലികകത്ത് ഫയലിലുണ്ട്. 23/11/15 ന് ബാർ അസോസിയേഷൻ സെക്രട്ടറി ഇതിനുള്ള വിശദീകരണത്തിൽ യാതൊരുവിധ അനധികൃത പ്രവർത്തനങ്ങളും ബാർ അസോസിയേഷൻ നടത്തിയിട്ടില്ലെന്നും ബാർ അസോസിയേഷൻ കെട്ടിടത്തിന്റെ തെക്കുവശത്തുണ്ടായിരുന്ന കാന്റീൻ, അസോസിയേഷൻ അംഗങ്ങളുടെ വർദ്ധനവിനെ തുടർന്ന് കൂടുതൽ സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതിലേക്കും മറ്റുമായി കാന്റീന്റെ പൊളിഞ്ഞുവീഴാറായ മേൽക്കൂര മാത്രം മാറ്റി ആസ്ബസ്റ്റോസ് ഷീറ്റ് വിരിച്ച് അഭിഭാഷകർക്ക് വേണ്ടി വിനിയോഗിക്കാൻ തീരുമാനിച്ചു എന്നാണ്.

24/12/15 ന് നഗരസഭാ സെക്രട്ടറി താല്ക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്തിക്കൊണ്ട് 24 മണിക്കൂറിനകം കെട്ടിടം പൊളിച്ചുമാറ്റാൻ ഉത്തരവിട്ടു. താല്ക്കാലിക ഉത്തരവിൽ സൂചിപ്പിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1.ചട്ടം 24(2) പ്രകാരം കെട്ടിടങ്ങൾ തമ്മിൽ അകലം പാലിക്കുന്നില്ല.

2.ചട്ടം 24(30,(4) പ്രകാരം കെട്ടിടത്തിൽ നിന്നും മുൻഭാഗത്തേക്കും പിൻഭാഗത്തേക്കും ഉള്ള അകലം പാലിക്കുന്നില്ല.

3.ചട്ടം 25 പ്രകാരം റോഡ് സെന്ററിൽനിന്നും 5 മീറ്റർ (ഉത്തരവിൽ $5m^2$)അകലം പാലിക്കുന്നില്ല.

4.ചട്ടം 36 അനുസരിച്ച് കെട്ടിടമുറികൾക്ക് ആവശ്യമായ ഉയരമില്ല.

ബാർ അസോസിയേഷൻ സെക്രട്ടറിക്ക് നല്കിയ ഉത്തരവ് നഗരസഭാ സെക്രട്ടറിയുടെ ഒപ്പോടുകൂടി തന്നെയാണോ എന്നതും ഉറപ്പാക്കേണ്ടതാണ്. നഗരസഭയുടെ ഉത്തരവിനെതിരെ ബാർ അസോസിയേഷൻ സെക്രട്ടറിയും പ്രസിഡന്റും നഗരസഭാ സെക്രട്ടറിയെയും നഗരസഭയെയും കക്ഷി ചേർത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ നല്കിയ അപ്പീൽ 50/1q6 നാളിതുവരെ തീർപ്പാക്കിയിട്ടില്ല.

അനധികൃതകെട്ടിടനിർമാണം സംബന്ധിച്ച് തൃശ്ശൂർ ജില്ലാ ജഡ്ജിയുടെ SS-1338/16/25/4/16 നം. കത്തിൽ ബഹു: ഹൈക്കോടതിയുടെ 29/1/17 ലെ OM-N0-D9(A)98788/15 നം. ഉത്തരവിൽ ഇക്കാര്യം ജില്ലാതലത്തിൽ പരിഹരിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ജില്ലാ കലക്ടറുടെ ചേമ്പറിൽവെച്ച് 28/4/16 ന് 3pm ന് ഒരു യോഗം കൂടുന്നതായും നഗരസഭാസെക്രട്ടറിയോട് പ്രസ്തുത യോഗത്തിൽ ഹാജരാകുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഓവർസിയറോട് യോഗത്തിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യോഗത്തിൽ പങ്കെടുത്തതിന്റെയും തുടർനടപടികളുടെയും വിവരം ഫയലിലില്ല. ഇത് സംബന്ധിച്ച് നിലവിലുള്ള സ്ഥിതി അറിയിക്കേണ്ടതാണ്.

അനധികൃതകെട്ടിടനിർമാണങ്ങൾ കൂടിവരുന്നത് ഇത്തരത്തിലുള്ള നിർമാണ പ്രവർത്തനങ്ങൾ നടത്തുവാൻ കൂടുതൽ ആളുകളെ പ്രേരിപ്പിക്കുന്നതാണ്. ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ സമയോചിതമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 2-15 കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ -അംഗീകൃതകെട്ടിട നം.നൽകിയിട്ടില്ല

ഫയൽ നം.PW2-14035/05,PW2-016905/15

മേൽപറഞ്ഞ ഫയലുകൾ പരിശോധിച്ചപ്പോൾ കൊടുങ്ങല്ലൂർ മിനി സ്റ്റേഷന് നാളിതുവരെ അംഗീകൃത കെട്ടിട നമ്പർ നൽകിട്ടില്ല എന്ന് കണ്ടു

15/10/05 ലാണ് ആദ്യ ഫയലിലെ നോട്ട് ഫയൽ തുടങ്ങുന്നത്. അന്നേ ദിവസം നഗരസഭയിലെ ബിൽഡിങ് ഇൻസ്‌പെകുർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും, PWD യുടെ മേൽനോട്ടത്തിലാണ് പണി എന്നറിയുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്. 1994 ലെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിങ് റൂൾ ചട്ടം 7(1) അനുസരിച്ച് കേന്ദ്ര, കേരള സർക്കാരിന്റെ ഏതെങ്കിലും കെട്ടിടനിർമാണത്തിന്റെ കാര്യത്തിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, നിർമാണം ആരംഭിക്കുന്നതിന് മുപ്പത് ദിവസം മുമ്പ് നിർദിഷ്ട കെട്ടിടത്തിന്റെ ഒരു സെറ്റ് പ്ലാൻ, പ്രാദേശികവികസന പ്ലാനുകൾക്ക് അനുപൂരകവും കെട്ടിനിർമാണ ചട്ടങ്ങൾക്ക് അനുസൃതമാണെന്നുമുള്ള മുഖ്യ ആർകിടെക്റ്റിന്റെയോ, നിർമാണച്ചുമതല വഹിക്കുന്ന എഞ്ചിനീയറുടെയോ സർട്ടിഫിക്കറ്റോടുകൂടി സമർപ്പിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് പ്രത്യേക കെട്ടിടവിഭാഗം അസി.എഞ്ചിനീയറുടെ S-2/99/25/4/06 ലെ കത്ത് പ്രകാരം കെട്ടിടം പൂർത്തീകരിച്ചത് 27/9/2005 ലാണ്. കെട്ടിടനിർമാണം കഴിഞ്ഞശേഷം മാത്രം മിനി സിവിൽ സ്റ്റേഷൻ കെട്ടിടം സംബന്ധിച്ച ഫയൽ തുടങ്ങിയത് ആധികാരികമല്ല. 30/1/06 ലെ ബിൽഡിങ് ഇൻസ്‌പെക്ടറുടെ കുറിപ്പ് പ്രകാരം ഹാജരാക്കിയ പ്ലാനിൽ മുറികളുടെ അളവോ, ആകെ വിസ്തീർണമോ ഹാജരാക്കിയിട്ടില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്.

ആകെ വിസ്തീർണം 4000m$^2$ ന് മുകളിലായതിനാൽ (4410.16m$^2$) പ്ലാനിന് ജില്ലാ ടൗൺ പ്ലാനറിൽ നിന്നുള്ള അനുവാദവും ചട്ടം (54(1)) അഗ്നിശമനാ ഡയറക്ടറിൽനിന്നോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽനിന്നോ സാക്ഷ്യപത്രം വാങ്ങിയിരിക്കണമെന്ന നിബന്ധന (ചട്ടം 54(4a)) പാലിക്കാതിരുന്നതിനാൽ ബിൽഡിങ് പെർമിറ്റ് അനുവദിച്ച് നൽകിയിരുന്നില്ല. 25/7/06 ന് കെട്ടിടത്തിന് UA നം. അനുവദിച്ചുത്തരവായി.

പക്ഷെ കെട്ടിടനിർമ്മാണം അധികൃതമാക്കുന്നത് സംബന്ധിച്ച് പിന്നീട് പുരോഗമനമൊന്നും ഉണ്ടായില്ല. 22/1/08 ന് ശേഷം 23/10/13 ലാണ് (അഞ്ചേമുക്കാൽ വർഷത്തിന് ശേഷം) ഈ ഫയൽ പുനരാരംഭിച്ചത്. അതുതന്നെ താലൂക്ക് തഹസിൽദാരുടെ A5-10217/06/15/10/13 നമ്പർ കത്തിനെ തുടർന്നാണ്. ക്രമവൽകരണത്തിനുള്ള പ്ലാൻ സമർപ്പിച്ചത് പ്രകാരം തഹസിൽദാർക്കുള്ള PW2-14035/05 നമ്പർ കത്തിൽ ഫയർ എൻ.ഒ.സി, ടൗൺ പ്ലാനറുടെ അംഗീകാരം എന്നിവ ഇല്ല എന്ന് അറിയിക്കുകയും ചെയ്തു. 10/12/15 ന് കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചത് പ്രകാരം BA-PW2-016905/15 നമ്പറിൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് PW2-016905/15 നമ്പർ ഫയൽ പ്രകാരം അനുവദിച്ചു. 29/7/16 ലെ നോട്ട് ഫയലിൽ കെട്ടിടത്തിന്റെ ഏരിയാ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കെട്ടിടം അധികൃതമാക്കുന്നത് സംബന്ധിച്ച് കൊടുങ്ങല്ലൂർ താലൂക്ക് തഹസിൽദാരുടെ പല കത്തുകളും സാങ്കേതികതടസ്സം എന്താണെന്ന് സംബന്ധിച്ച് ജില്ലാകലക്ടറുടെ കത്തുകളും ഉണ്ടായിട്ടുണ്ട്. പക്ഷെ ഫയർ എൻ.ഒ.സി, ജില്ലാ ടൗൺ പ്ലാനറിൽനിന്നുള്ള അനുമതി എന്നിവ ഇപ്പോഴും ലഭ്യമായിട്ടില്ല.

മേൽപറഞ്ഞ ഫയലുകൾ പരിശോധിച്ചതിൽനിന്നും മിനി സിവിൽ സ്റ്റേഷൻ കെട്ടിടം സംബന്ധിച്ച അനിശ്ചിതത്വം നിലനില്ക്കുന്നത് കെട്ടിടനിർമാണം ആരംഭിക്കുന്നതിന് മുമ്പ് സംസ്ഥാന പൊതുമരാമത്ത് പ്രത്യേക കെട്ടിടവിഭാഗം ശരിയായ നടപടിക്രമങ്ങൾ സ്വീകരിക്കാത്തത്, കെട്ടിടനിർമാണം പൂർത്തീകരിച്ച ശേഷം മാത്രം നഗരസഭയിൽനിന്നും അന്വേഷണം ഉണ്ടായിട്ടുള്ളത്, അഞ്ചേമുക്കാൽ വർഷത്തിലേറെ ഫയൽ പ്രവർത്തനം നടത്താതിരുന്നത് എന്നിവമൂലമെന്ന് കാണാവുന്നതാണ്.

2011 ലെ കേരളമുനിസിപ്പാലിറ്റി വസ്തുനികുതി സേവനനികുതിചട്ടങ്ങളിലെ ചട്ടം 14(1),1999 ലെ കേരളാമുനിസിപ്പാലിറ്റി നിയമങ്ങളിലെ 242 വകുപ്പിന് 2009 ൽ വരുത്തിയ 30ാം നിയമപ്രകാരം (1/10/09 മുതൽ പ്രാബല്യം) എന്നിവ അനുസരിച്ച് അനധികൃതകെട്ടിടം നിർമാണം പൂർത്തീകരിക്കുന്നതോ താമസമാക്കുന്നതോ ഏതാണോ ആദ്യം വരുന്നത് ആ തീയ്യതി മുതൽ ക്രമവൽകരണം നടത്തുന്നതുവരെ വസ്തുനികുതിയുടെ മൂന്നിരട്ടി കോമ്പൗണ്ടിങ് ഫീ ഈടാക്കേണ്ടതാണ്. നിലവിൽ 26610 രൂപ വസ്തുനികുതി, 3992 രൂപ ലൈബ്രറി സെസ്സ് എന്നിവ അടക്കം 30612 രൂപയാണ് ഈ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കിവരുന്നത്. 1994 കേരളാമുനിസിപ്പാലിറ്റി നിയമങ്ങളിലെ 539(1) വകുപ്പനുസരിച്ച് ഏതെങ്കിലും നികുതി ഈടാക്കേണ്ട തീയതി മുതൽ മൂന്ന് വർഷത്തേക്ക് ഈടാക്കാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതാണ്. ഇതുപ്രകാരം 2009-10 രണ്ടാം അർധവർഷം മുതൽ 2014-15 വർഷം വരെയുള്ള അഞ്ചരവർഷത്തെ രണ്ടിരട്ടി വസ്തുനികുതി തുക 336622 രൂപ കാലഹരണപ്പെട്ടുപോയെന്ന് കാണാവുന്നതാണ്. 1994 കേരളാ മുനിസിപ്പാലിറ്റി നിയമം 282 അനുസരിച്ച് പ്രോസിക്യൂഷൻ നടപടി, ജപ്തി നടപടി എന്നിവ തുടങ്ങാവുന്ന തീയതി മുതൽ നാലുവർഷത്തേക്കുള്ള നികുതി നോട്ടീസ് നൽകി പതിനഞ്ച് ദിവസത്തിനുള്ളിൽ അടവാക്കാനുള്ള നിർദേശവും നൽകാവുന്നതാണ്. മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ടതുക നഷ്ടപ്പെടുന്ന പക്ഷം അതിന് കാരണക്കാരെ കണ്ടെത്തി തുടർനടപടികളെടുക്കേണ്ടതുമാണ്.

## 2-16 ട്രേഡേഴ്സ് അസസ്സ്മെന്റ് ലിസ്റ്റ്,ഡി ആന്റ് ഒ അപാകതകൾ

ഡി ആന്റ് ഒ ലൈസൻസ് ലഭിച്ചവരുടെ രജിസ്റ്റർ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നില്ല. വാർഡ് തിരിച്ച് ട്രേഡേഴ്സ് അസസ്സ്മെന്റ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും, രസീതുബുക്ക് പ്രകാരം കളക്ഷൻ നൽകുന്നവരുടെ വിവരങ്ങൾ വർഷങ്ങളായി ഡിമാന്റ് ലിസ്റ്റിൽ വരികയും അതിൽ നിന്നും ഒമിഷൻ, ന്യൂ ലിസ്റ്റുകൾ ഉണ്ടാക്കുകയും ആണ് ചെയ്യുന്നത്. അതിനാൽ തന്നെ വാണിജ്യാവശ്യങ്ങൾക്കായി പെർമിറ്റ് നൽകി കെട്ടിട നമ്പർ നൽകപ്പെട്ട എല്ലാ സ്ഥാപനങ്ങളും കളക്ഷന്റെ പരിധിയിൽ വരണമെന്നില്ല. നേരിട്ട് ഡി ആന്റ് ഒ ലൈസൻസ് എടുത്ത എല്ലാവരുടെയും പേര് ഡി ആന്റ് ഒ രജിസ്റ്ററിൽ വന്നിട്ടില്ല. സാംഖ്യ യൂട്ടിലിറ്റീസിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് നം നൽകപ്പെട്ട് ഡി ആന്റ് ഒ അപേക്ഷപ്രകാരം ലൈസൻസ് ഇഷ്യൂ ചെയ്തവർ 2016-17 കാലയളവിൽ 2664 പേരാണ് (അതിൽ 424 പേർ 2015-16 ൽ അഡ്വാൻസായി അടച്ചവർ). വസ്തു നികുതി രജിസ്റ്റർ കാലികമാക്കുകയും സഞ്ചയ ഇന്റഗ്രേഷൻ പൂർത്തീകരിക്കുകയും (സഞ്ചയയിലേക്ക് ആകെ 1500 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളൂ, വേരിഫിക്കേഷൻ പൂർണ്ണമായിട്ടില്ല) അതനുസരിച്ച് വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തല കണക്കെടുത്ത് ട്രേഡേഴ്സ് അസസ്സ്മെന്റ് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.

മേത്തല,മെയിൻ ഓഫീസ് ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പ്രകാരം കളക്ഷൻ നടത്തിയ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു

| മേത്തല സോണൽ ഓഫീസ് | | | മെയിൻ ഓഫീസ് | | |
|---|---|---|---|---|---|
| വാർഡ് | ഒന്നാം പാദം | രണ്ടാം പാദം | വാർഡ് | ഒന്നാം പാദം | രണ്ടാം പാദം |
| I | 26 | 33 | I | 13 | 15 |
| II | 23 | 22 | II | 24 | 24 |
| III | 42 | 50 | III | 33 | 32 |
| IV | 52 | 46 | IV | 31 | 31 |
| V | 226 | 220 | V | 39 | 38 |

| | | | | | |
|---|---|---|---|---|---|
| VI | 9 | 9 | VI | 24 | 17 |
| VII | 22 | 21 | VII | 341 | 327 |
| VIII | 13 | 13 | VIII | 143 | 149 |
| IX | 135 | 135 | IX | 32 | 32 |
| X | 18 | 18 | X | 19 | 19 |
| XI | 10 | 11 | XI | 11 | 11 |
| XII | 80 | 80 | XII | 315 | 317 |
| XIII | 13 | 13 | XIII | 330 | 363 |
| XIV | 33 | 32 | XIV | 133 | 133 |
| XV | 20 | 21 | XV | 34 | 36 |
| XVI | 19 | 19 | XVI | 23 | 25 |
| XVII | 23 | 22 | XVII | 13 | 14 |
| XVIII | 44 | 44 | XVIII | 15 | 18 |
| XIX | 27 | 31 | XIX | 39 | 45 |
| XX | 90 | 96 | XX | 69 | 71 |
| -- | - | - | XXI | 33 | 39 |
| -- | - | - | XXII | 19 | 20 |
| -- | - | - | XXIII | 37 | 49 |
| -- | - | - | XXIV | 7 | 7 |
| ആകെ | 925 | 936 | ആകെ | 1777 | 1832 |

ഡിമാന്റ് 2016-17 സാമ്പത്തിക വർഷത്തിൽ 2702 പേരുടെ ഒന്നാം അർദ്ധ വർഷത്തെയും 2768 പേരുടെ രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. 2768-2664 =104 പേരുടെ ഡി ആന്റ ഒ ഡിമാന്റ് ചെയ്തിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

## 2-17 തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാതെ വരുമാന നഷ്ടമുണ്ടാക്കുന്നു

ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡി.സി.ബി സംക്ഷിപ്തം എഴുതിയതിൽ മേത്തല സോണൽ, മെയിൻ ഓഫീസ് അരിയർ, കറന്റ് ഡി.സി.ബി സംക്ഷിപ്തം വേർതിരിച്ച് എഴുതിയിട്ടില്ല. മേത്തല സോണൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിസി.ബി രജിസ്റ്റർ ഡി.സി.ബി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

നികുതി അടവാക്കിയവരുടെ നികുതി വിവരം രജിസ്റ്ററിൽ പൂർണ്ണമല്ല

മുനിസിപ്പാലിറ്റി ട്രേഡേഴ്സിന്റെ തൊഴിൽ നികുതി വിവരം ഡി.സി.ബി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ഡിമാന്റ് ചെയ്തതു പ്രകാരമല്ല. ഡിമാന്റ് ചെയ്യുന്നത് വാർഷീക വരുമാനം അടിസ്ഥാനമാക്കിയുമല്ല.

ഉദാ:

XIV /118 കെട്ടിടത്തിൽ കൃഷ്ണ മോട്ടേഴ്സ് എന്ന സ്ഥാപനം നടത്തുന്ന രാജീവൻ എന്ന വ്യക്തിയുടെ വാർഡ് വൈസ് അസസ്സ്മെന്റ് ലിസ്റ്റ് പ്രകാരവും ഡിമാന്റ് രജിസ്റ്റർ പ്രകാരവും ഒന്നാം പാദം ഡിമാന്റ് ചെയ്തിരിക്കുന്നത് 450/-(45000 -അർദ്ധവാർഷീക വരുമാനം). എന്നാൽ 27.2.2017 ലെ 310/15454 രസീത് പ്രകാരം രണ്ടു പാദത്തിലെയും കൂടി കളക്ട് ചെയ്തു അടവാക്കിയിരിക്കുന്നത് 2500/-(11601121435 /27.2.2017)

മേത്തല വാർഡ് 5 ലെ ശശിധരൻ നാളിയാട്ട്(V/412-പി എസ് ട്രേഡേഴ്സ്), പ്രമോദ് എം.പി, മാത്തിപ്പറമ്പിൽ (V/413) എന്നിവരുടെ അസസ്സ്മെന്റ് ലിസ്റ്റ് പ്രകാരമുള്ള അർദ്ധവാർഷിക വരുമാനം 125000/- ആണ്. എന്നാൽ 1000/- രൂപയാണ് 1250 രൂപക്ക് പകരം ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടുള്ളത്

ഫ്രാൻസിസ് വാഴക്കൂട്ടത്തിൽ(IX/489-പ്രൊവിഷൻ സ്റ്റോർ) അസസ്സ്മെന്റ് ലിസ്റ്റ് പ്രകാരമുള്ള അർദ്ധവാർഷിക വരുമാനം 50000/- ആണ്. എന്നാൽ 300/- രൂപയാണ് 450/- രൂപക്ക് പകരം ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടുള്ളത്.

ഡി.സി.ബി രജിസ്റ്ററിൽ വാർഡ് തിരിച്ച് ഡിമാന്റ് വരാത്ത, എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കിയ ട്രേഡേഴ്സ്

ഉദാ: രണ്ടാം വാർഡിലെ കെ പി ഭരതൻ ഫ്ലവർമിൽ 293/14602 രസീത് 15.2.2017 ൽ തൊഴിൽ നികുതി(300/-) അടവാക്കിയത്. (റിട്ടേൺ ഇല്ല)

13 ാം വാർഡിലെ വിജയകുമാർ ധർമ്മപാലൻ പ്രഭ സ്റ്റുഡിയോ 293/14640 രസീത് 16.2.2017 ൽ തൊഴിൽ നികുതി (600/-)അടവാക്കിയത്

മേൽ കൊടുത്തിരിക്കുന്ന അപാകതകൾ പരിഹരിക്കപ്പെടേണ്ടതും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഫീൽഡ് സന്ദർശനം നടത്തി തയ്യാറാക്കി, നികുതി പുതുതായി അസസ്സ് ചെയ്യേണ്ടതുമാണ്

## 2-18 പണം സാംഖ്യയിൽ അടവാക്കാതെ ഒരുമാസത്തോളം കാഷ് ചെസ്റ്റിൽ സൂക്ഷിച്ചു

കൃഷി ഭവൻ കൊടുങ്ങല്ലൂർ ഔട്ട് ഡോർ കളക്ഷൻ 252, 259, 290, 291, 303 എന്നീ രസീതു പ്രകാരം കളക്ട് ചെയ്ത ഗുണഭോക്തൃവിഹിതം 52075/- രൂപ ഒരുമാസത്തിലേറെ സാംഖ്യ, കാഷ്ബുക്കിൽ എൻട്രി വരുത്താതെ കാഷ് ചെസ്റ്റിൽ സൂക്ഷിച്ചു.

കളക്ഷൻ വിവരം താഴെ ചേർക്കുന്നു

| കളക്ഷൻ വിവരം | കളക്ഷൻ തുക | കാഷ്യർ സ്വീകരിച്ച തീയതി | അടച്ച തീയതി |
|---|---|---|---|
| 9.2.17, 10.2.17, 14.2.17 ലെ 252, 259 രസീതുബുക്ക് പ്രകാരമുള്ള കളക്ഷൻ | 17604/- | 14.2.2017 | 11601122966/13.3.2017 |
| 15.2.17, 16.2.17 ലെ 259 രസീതുബുക്ക് പ്രകാരമുള്ള കളക്ഷൻ | 2934/- | 16.2.2017 | 11601122967/13.3.2017 |
| 21.2.17ലെ 259 രസീതു ബുക്ക് പ്രകാരമുള്ള | 6524/- | 21.2.2017 | 11601122968/13.3.2017 |

| | | | |
|---|---|---|---|
| കളക്ഷൻ | | | |
| 28.2.17ലെ 259,290 രസീതു ബുക്ക് പ്രകാരമുള്ള കളക്ഷൻ | 3067/- | 28.2.2017 | 11601122969/13.3.2017 |
| 18.2.17ലെ 291 രസീതു ബുക്ക് പ്രകാരമുള്ള കളക്ഷൻ | 5604/- | 18.2.17 | 11601122972/13.3.2017 |
| 17.2.17ലെ 291 രസീതു ബുക്ക് പ്രകാരമുള്ള കളക്ഷൻ | 2017/- | 17.2.17 | 11601122971/13.3.2017 |
| 16.2.17ലെ 291 രസീതു ബുക്ക് പ്രകാരമുള്ള കളക്ഷൻ | 5540/- | 16.2.17 | 11601122970/13.3.2017 |
| 20.2.17ലെ 291,303 രസീതുബുക്കുകൾ പ്രകാരമുള്ള കളക്ഷൻ | 8785/- | 20.2.17 | 11601122973/13.3.2017 |
| ആകെ | 52075/- | | |

13.10.2011 ലെ ജി.ഒ(എം.എസ്) 246/2011 നം ഉത്തരവ് പ്രകാരം സാംഖ്യ ഉപയോഗിക്കുന്ന തദ്ദേശസ്ഥാപനങ്ങളിലെ പണമടവിന് കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. കാഷ്യർ അതിനു പകരം കൃഷി ഓഫീസ് കളക്ഷൻ രജിസ്റ്ററിൽ ഒപ്പോടെ കാഷ് റിസീവ്ഡ് സീൽ വെക്കുകയാണ് ചെയ്തിട്ടുള്ളത്. കാഷ് ചെസ്റ്റിലെ പണത്തിന്റെ കൃത്യത ഉറപ്പു വരുത്താത്തത് ഉത്തരാവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-19 സാംഖ്യ സോഫ്റ്റ്‌വെയറിൽ 2016-17 സാമ്പത്തിക വർഷത്തിലെ ഡാറ്റാ എൻട്രി സമയബന്ധിതമായി നടത്തിയിട്ടില്ല

സാഖ്യയിൽ 31.3.17 ന് ശേഷം പെന്റിംഗ് ടാസ്ക് ആയി വരവ് ഇനത്തിൽ 20435889 രൂപയും ചെലവിനത്തിൽ 5175741 രൂപയും എൻട്രി നടത്തിയിട്ടുണ്ട്. സമയബന്ധിതമായി ഡാറ്റാ എൻട്രി നടത്താത്തത് സംബന്ധിച്ച് എൻക്വയറി നൽകിയതിന് (എൻക്വയറി നമ്പർ 8/27.9.17) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് കരാറുകാരനിൽ നിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് വേണ്ടി ടെന്റർ വിളിച്ചത് പ്രകാരം നെപ്ട്യൂൺ ഇലക്ട്രിക്കൽസ് എറിയാട് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കുകയുണ്ടായി. ആയത് പ്രകാരം എം.എസ്.നന്ദകുമാർ, മാവുംകുട്ടത്തിൽ, കൊടുങ്ങല്ലൂർ എന്ന വ്യക്തിക്ക് തൻവർഷം നൽകിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| 1 | 213370/13.06.16 | 238660 |
| 2 | 242846/15.10.16 | 332780 |
| 3 | 1536030/27.02.17 | 313375 |
| | ആകെ | 884815 |

ഇൻകംടാക്സ് ആക്ട് പ്രകാരമുള്ള ടാക്സ് ഈടാക്കാതിരുന്നത് മൂലം സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 വസ്തുനികുതി അധികം അടവാക്കിയത് തിരികെ നൽകിയത്

തൻവർഷം വസ്തുനികുതിയിനത്തിൽ അധികമായി പിരിച്ചെടുത്ത തുക വളരെയധികം നികുതിദായകർക്ക് തിരികെ നൽകിയതായി വിവിധ വൗച്ചറുകൾ പരിശോധിച്ചപ്പോൾ കാണുകയുണ്ടായി. ഉദാ:-ഷീല പുളിക്കത്തറ എന്ന ഗുണഭോക്താവിന് 3714/രൂപ ചെക്ക് നം.242940/15.12.16 പ്രകാരവും ലിന്റ.സി.എസ്, ചള്ളിയിൽ എന്ന ഗുണഭോക്താവിന് ചെക്ക് നം. 213399/29.06.16 പ്രകാരവും തിരികെ നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം തുക ഈടാക്കുന്നതിനുള്ള സാഹചര്യം വിശദമാക്കേണ്ടതും അധികം ഈടാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 വാഹനങ്ങളുടെ മെയിന്റനൻസ് -നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

നഗരസഭയുടെ വാഹനമായ KL-08 AD 6588 നമ്പർ വാഹനത്തിന്റെ നാല് ടയറുകൾ മാറ്റുന്നതിനും അലൈൻമെന്റിനും വേണ്ടി ചെക്ക് നം. 197177/05.05.2016 പ്രകാരം 16050/- രൂപ സേഫ്റ്റി വേ ട്രേഡിങ്ങ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഗവ.അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ചെലവ് നടത്തിയിട്ടുള്ളത്. മേലിൽ ഇത്തരം പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കേരളോത്സവം-അപാകതകൾ

കേരളോത്സവത്തിന് വേണ്ടി തൻവർഷം 130000/ രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ചെക്ക് നം.തി. 242907/02.12.16, തുക 24000

ചെക്ക് നം.തി. 242924/05.12.16, തുക 20000

ചെക്ക് നം.തി. 242937/13.12.16, തുക 26000

ചെക്ക് നം.തി. 242970/30.12.16, തുക 13000

ചെക്ക് നം.തി. 174988/30.12.16, തുക 47000

ഹാജരാക്കിയ വൗച്ചറിലെ അപാകതകൾ താഴെ കൊടുക്കുന്നു.

കേരളോത്സവത്തിന് മൊമന്റോ വാങ്ങുന്നതിന് 44710/ രൂപ ഇൻവോയ്സ് നം.994/(തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം കൊടുങ്ങല്ലൂർ സ്പോർട്സ് ഗാലറിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ബിൽ പരിശോധിച്ചതിൽ മൊമന്റോയുടെ ചിലവ് കൂടാതെ 990 ഇൻവോയ്സ് പ്രകാരമുള്ള 17410/- രൂപ കൂടി ചേർത്തിട്ടുണ്ട്. എന്നാൽ 990 ഇൻവോയ്സ് പ്രകാരം ഒന്നും വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ ഇൻവോയ്സും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ ഇൻവോയ്സ് പ്രകാരം നൽകിയ 17410/ രൂപയുടെയും ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 5278/- രൂപ ലൈറ്റ് &സൗണ്ട് ഇനത്തിൽ ചെലവഴിച്ചതായി പറയുന്നുണ്ടെങ്കിലും ആയതിന്റെ ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ ഇനത്തിൽ ചെലവഴിച്ച തുക 22688 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-5 രജിസ്ട്രേഷൻ വൈകിയത് മൂലം പിഴ അടവാക്കിയത് -തടസ്സപ്പെടുത്തുന്നു.

തൻവർഷം നഗരസഭ രണ്ട് പുതിയ ബൊലേറോ വണ്ടികൾ ഇടപ്പള്ളിയിലുള്ള മഹീന്ദ്രയുടെ കമ്പനിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. രണ്ട് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 122460/- രൂപ ചെക്ക് നം. 218892/09.09.16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷന് 59120 രൂപ വീതം രണ്ട് ബൊലേറോ ജീപ്പുകൾക്ക് (KL-47-F-6603,KL-47-F-6606) 118240/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. രജിസ്ട്രേഷൻ നടത്തുന്നതിന് കാലതാമസം വന്നതിനാൽ കോമ്പൗണ്ട് ഫീ ആയി 2100/- രൂപ വീതം (രസീത് നം.4/46264/16,4/46260/16 dt.19.09.16) 4200/- രൂപ രജിസ്ട്രേഷൻ വകുപ്പിൽ അടവാക്കിയിട്ടുണ്ട്. വാഹനത്തിന്റെ ഡെലിവറി നടത്തിയ തിയ്യതി 09.08.16 നും രജിസ്ട്രേഷൻ നടത്തിയ തിയ്യതി 19.09.16 നും ആണ്. ഇപ്രകാരം രജിസ്ട്രേഷൻ വൈകുവാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്. ചെലവ് നടത്തിയ തുക താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 3-6 ചലാൻ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു.

നെൽവയൽ തണ്ണീർത്തടഡാറ്റാബാങ്ക് പ്രസിദ്ധീകരണത്തിന് 10000/- രൂപ (ചെക്ക് നം218802/26.07.16) ട്രഷറിയിൽ അടവാക്കിയതിന്റെ ചലാൻ ഹാജരാക്കിയിട്ടില്ല. ചലാൻ ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക തടസ്സപ്പടുത്തുന്നു.

## 3-7 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു

എ)ഹരിതകേരളം പദ്ധതി പ്രകാരം 25 വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് (വാർഡ് ,7,8,17,19മുതൽ 40 വരെ) ശുചീകരണ പ്രവർത്തികൾ നടത്തുന്നതിന് 5000/- രൂപ വീതം 125000/- രൂപ (ചെക്ക് നം. തി.268376/06.02.17) നൽകിയിട്ടുണ്ട്. എന്നാൽ ഇവ ചെലവഴിച്ചതിന്റ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

ബി)വാർഡ് 10 ലെ ലൈബ്രറി കെട്ടിടം വയറിങ്ങിന് അറ്റകുറ്റപണിക്ക് വേണ്ടി 268416/18.02.17(വൗച്ചർ നം. 107/2/17) പ്രകാരം 6500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## **3-8** അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ജി.ഒ.(പി)419/2011/ധനം തീയതി 4-10-2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി അനുച്ഛേദം 99 പ്രകാരമുള്ളത്) എന്നിവ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ച പിടിക്കണം എന്നും, ഇങ്ങനെ തിരിച്ച പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 വർഷം അനുവദിച്ച താഴെ പറയുന്ന അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യാതിരിക്കുകയോ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല

തൻവർഷം അഡ്വാൻസിനത്തിൽ നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം.തിയ്യതി | തുക | വിശദവിവരം |
|---|---|---|---|
| 1 | 268419/22.02.17 | 7500 | ശിവരാത്രി ഉത്സവത്തിന് ജനങ്ങൾക്ക് പ്രത്യേക സൗകര്യം ചെയ്യുന്നതിന് |
| 2 | 2220011/23.03.17 | 140000/- | ഭരണി മഹോത്സവത്തിന് ശ്രീ.വി.കെ.കണ്ണൻ ജെ.എച്ച്.ഐ.ക്ക് നൽകിയത് |
| 3 | ,, | 60000/- | ഭരണി മഹോത്സവത്തിന് ശ്രീ.പി.എ.സതീഷ്, ജെ.എച്ച്.ഐ.ക്ക് നൽകിയത് |
| 4 | 218872/06.09.16 | 40000/- | പുതിയ വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട് ശ്രീമതി സ്മിത, ഓവർസിയർക്ക് നൽകിയത് |
| 5 | 218899/17.09.16 | 20000/- | കാർ ഫിറ്റിംഗ്സ് വാങ്ങുന്നതിന് ശ്രീ.ശരത്ചന്ദ്രന് നൽകിയത് |
| 6 | 242842/07.10.16 | 12000/- | മുനിസിപ്പൽ പാർക്ക് മെയിന്റനൻസിന് ശ്രീ. പി.എ.റിയാസിന് നൽകിയത് |
| 7 | 268417/21.02.17 | 6500/- | ആശാൻ ലൈബ്രറിയിൽ മെയിന്റനൻസ് വർക്ക് നടത്തുന്നതിന് |
| 8 | 242857/05.10.16 | 50000/- | സാനിറ്ററി ഉപകരണങ്ങൾ വാങ്ങുന്നതിന് അനിൽകുമാർ ,ജെ.എച്ച്.ഐ.ക്ക് നൽകിയത് |
| 9 | 242854/24.10.16 | 25000/- | അംഗൻവാടിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് |
| 10 | 213359/07.06.16 | | കീത്തോളിത്തോട് വൃത്തിയാക്കുന്നതിന് ശ്രീ.ഐ.വി.രാജീവിന് (JHI), നൽകിയത് |
| 11 | 213379/17.06.16 | 20000/- | 23-ാം വാർഡിലെ പുറമ്പോക്ക് മരങ്ങൾ മുറിക്കുന്നതിന് ശ്രീ.അബീഷ് കെ.ആന്റണി (JHI)ക്ക്നൽകിയത് |

| | | | |
|---|---|---|---|
| 12 | 218545/12.08.16 | 5000/- | സ്വാതന്ത്ര്യദിനാഘോഷത്തിന്, ശ്രീ.അനിൽകുമാർ (JHI) ക്ക് നൽകിയത് |
| 13 | 218545/17.08.16 | 10000/- | കർഷകദിനത്തിന് ശ്രീ.സതീഷ് (JHI), ക്ക് നൽകിയത് |
| 14 | 213446/22.07.16 | 80000/- | വർക്കിങ്ങ് ഗ്രൂപ്പ് ചെലവുകൾക്ക് ശ്രീ.അജീഷ്കുമാർ, പ്ലാൻ ക്ലർക്കിന് നൽകിയത് |

അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-9 വിവിധ പ്രവൃത്തികൾക്ക് വിവിധ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയത് പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

തൻവർഷം വിവിധ പ്രവർത്തികൾക്കായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും അല്ലാതെയും കേരള വാട്ടർ അതോറിറ്റിക്കും കെ.എസ്.ഇ.ബി ക്കും താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം.തിയ്യതി | തുക | വിശദവിവരം |
|---|---|---|---|
| 1 | 248982/06.01.17 | 14900/- | വാർഡ് 21ലെ ആനാപുഴ പുഴയോരം റോഡ് പോസ്റ്റ് ഷിഫ്റ്റിങ്ങിന്, അസിസ്റ്റന്റ് എഞ്ചിനീയർ KSEB സെക്ഷൻ I ന് നൽകിയത് |
| 2 | 268355/02.02.17 | 8300/- | വാർഡ് 5ലെ പോസ്റ്റ് ഷിഫ്റ്റിങ്ങിന് അസിസ്റ്റന്റ് എഞ്ചിനീയർ KSEB സെക്ഷൻ II ന് നൽകിയത് |
| 3 | 268417/21/2/17 | 60000/- | വാർഡ് 5 ലെ പൊതുടാപ്പ് മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത് |
| 4 | 268541/07.03.17 | 3500 | 21-ാംവാർഡിൽ പൊതുടാപ്പ് മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത് |
| 5 | 268556/16.03.17 | 7915 | 21-ാം വാർഡിലെ ഫിഷർമെൻ കോളനിയിൽ മുകളിലൂടെ പോയ ലൈൻ മാറ്റുന്നതിന് കെ.എസ്.ഇ.ബി. സെക്ഷൻ I ന് നൽകിയത് |
| 6 | 268568/20.03.17 | 9700/- | വാർഡ് 13 ൽ പുതിയ റോഡ് നിർമ്മാണത്തിന് പോസ്റ്റ് |

| | | | |
|---|---|---|---|
| | | | ഷിഫ്റ്റിങ്ങിന് KSEB section I ന് നൽകിയത് |
| 7 | 268569/20.03.17 | 14100/ | വാർഡ് 14 ലെ പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 8 | 268569/20.03.17 | 18800/- | കോഴിക്കട നായ്ക്കളം റോഡ്-വാർഡ് 12 ൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 9 | 218878/06.09.16 | 44000/- | വാർഡ് 38 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section I ന് നൽകിയത് |
| 10 | 242816/28.09.16 | 12940/- | വാർഡ് 38 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section I ന് നൽകിയത് |
| 11 | 242833/21.10.16 | 23756 | വാർഡ് 42 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 12 | 242880/14.11.16 | 13500/- | വാർഡ് 10 ൽ ലക്ഷം വീട് കോളനിയിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 13 | 242900/25.11.16 | 32250/- | വാർഡ് 8 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 14 | 197135/06.04.16 | 14700/- | വാർഡ് 29 ൽ പുളിക്കനാട്ട് ജാറം റോഡ് പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section I ന് നൽകിയത് |
| 15 | 197136/06.04.16 | 7400/- | വാർഡ് 26 ൽ വിപി തുരുത്ത് അമ്മുകുട്ടി സ്മാരക റോഡിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section I ന് നൽകിയത് |
| 16 | 197227/04.06.16 | 10800/- | വാർഡ് 9ൽ തുണ്ടിപറമ്പിൽ റോഡിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 17 | 197228/04.06.16 | | വാർഡ് 36 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് |

| | | | |
|---|---|---|---|
| | | | KSEB section I ന് നൽകിയത് |
| 18 | 156226/13.06.16 | 48120/- | വാർഡ് 7 ൽ 3പോസ്റ്റുകളുടെ ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 19 | 218813/27.07.16 | 6500/- | വാർഡ് 3 ൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section II ന് നൽകിയത് |
| 20 | 218814/27.07.16 | 12030/- | 30 ാം വാർഡിൽ ഡബിൾ ട്യൂബ് സ്ഥാപിക്കൽ KSEB section I ന് നൽകിയത് |
| 21 | 218815/27.07.16 | 26443/- | വാർഡ് 33 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് KSEB section I ന് നൽകിയത് |
| 22 | 5962473/12.08.16 | 126000/- | ആനാപുഴ പഴയപാലം തകർന്നതിനെ തുടർന്ന് പൈപ്പ് ലൈൻ പുനസ്ഥാപിക്കുന്നതിന് |

മേൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല

തനത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം.തിയ്യതി | തുക | വിശദവിവരം |
|---|---|---|---|
| 1 | 242836/05.10.16 | 7000/- | ചെയർമെൻസ് ചേമ്പറിന്റെ മാർച്ച് മുതൽ സെപ്റ്റംബർ വരെയുള്ള പ്രതിമാസ വരിസംഖ്യ അടവാക്കിയത് |
| 2 | 242968/27.12.16 | 5900/- | ഹരിതകേരളം പ്ലെകാർഡ് ബാനർ തയ്യാറാക്കിയത് ബിൽ ഹാജരാക്കിയിട്ടില്ല (കൈപ്പറ്റ് രശീത് ഹാജരാക്കി) |
| 3 | 268414/18.02.17 | 14904/- | ഡിസംബർ 7 ലെ വിനോദനികുതി സില സൈനിക് വെൽഫെയർ ഓഫീസർക്ക് നൽകിയത് |
| 4 | 242939/15.12.16 | 209268/- | കേരള സ്റ്റേറ്റ് കൾച്ചറൽ |

| | | | |
|---|---|---|---|
| | | | ആക്ടിവിസ്റ്റ്സ് വെൽഫെയർ ഫണ്ട് ബോർഡിലേക്ക് സിനിമ സെസ്സ് അടവാക്കിയത് |
| 5 | 268405/10.02.17 | 121101 | ,, |
| 6 | 2220004/20.03.17 | 207522/- | ,, |
| 7 | 5962477/17.09.16 | 205185/- | ,, |
| 8 | 1749862/18.10.16 | 262326 | ,, |
| 9 | 242888/18.11.16 | 298785/- | ,, |
| 10 | 2188849/17.08.16 | 201537 | ,, |
| 11 | 5962471/ 29.07.16 | 130448/- | ,, |
| 12 | 213389/22.06.16 | 195858/- | ,, |
| 13 | 268333/30.01.17 | 12500/- | സാക്ഷരത പ്രേരക് മാർക്ക് നൽകിയത് |
| 14 | 1534030/25.12.17 | 313375/- | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തിയതിന് |
| 15 | 268536/04.03.17 | 4420/- | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം |
| 16 | 2220002/09.03.17 | 483468/- | ലൈബ്രറിസെസ്സ് അടവാക്കിയത് |
| 17 | 218868/03.09.16 | 5178 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം |
| 18 | 242828/30.09.16 | 3422/- | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം |
| 19 | 218806/27.07.16 | 5000/- | കേരള ഫെഡറേഷൻ ഓഫ് ബ്ലൈന്റിന് നൽകിയത് |
| 20 | 218816/27.07.16 | 5149/- | എസ്.സി. കമ്മ്യൂണിറ്റി ഹാളിലേക്ക് വാട്ടർ കണക്ഷന് സ്മിത, ഓവർസിയർക്ക് നൽകിയത് |
| | | 2692346 | |

കൈപ്പറ്റ് രശീത് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 2692346/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതിനുപുറമെ തെരുവ് വിളക്കുകളുടേയും മറ്റു സ്ഥാപനങ്ങളുടേയും കറന്റ് ചാർജ്ജിനത്തിൽ അടവാക്കിയ തുകകളുടേയും കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കേണ്ടതാണ്.

## 3-11(a) ആയുർവ്വേദ ആശുപത്രി മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല -

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ഹോസ്പ്പിറ്റൽ പുല്ലൂറ്റ്

പ്രോജക്ട് നം. 295/17, ബിൽ നമ്പർ തീ. 02/20.02.17, തുക 600000/-

പുല്ലൂറ്റ് ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പ്രകാരം (1259/20.12.16) ഔഷധിക്ക് 600000/- രൂപ നെഫ്റ്റ് വഴി 5900000015 നമ്പർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നം.തി | തുക |
|---|---|
| 4762/20.03.17 | 167516 |
| 5076/31.03.17 | 88015 |
| | 255531 |

ബാക്കി ലഭിക്കുവാനുള്ള 344469/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11(b) തിരുവള്ളൂർ ഗവ. ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. 294/17

ബിൽ നം. തി. 03/20.02.17-465000/-

തിരുവള്ളൂർ ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പ്രകാരം (1295/20.12.16) ഔഷധിക്ക് 465000/- രൂപ നെഫ്റ്റ് വഴി 5900000015 അക്കൗണ്ട് നമ്പറിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നം.തി | തുക |
|---|---|
| 4397/06.03.17 | 227891 |
| 5165/31.03.17 | 55644 |
| | 283535 |

ബാക്കി ലഭിക്കുവാനുള്ള 181465/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 സാധുക്കളായ വിധവകളുടെ മക്കൾക്ക് വിവാഹധനസഹായം -അപാകതകൾ

എ) തൻവർഷം വിവാഹധനസഹായം നൽകുന്നതിന് ബിൽ നം. 35/09.03.17 പ്രകാരം 420000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ബിൽ പ്രകാരം 14 ഗുണഭോക്താക്കൾക്ക് 40000/- രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ ഒരു രേഖയും സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

ബി)പ്രസന്ന.ഇ.എസ്.W/oപ്രദീപൻ കുറ്റിനിക്കാട്ട് ഹൗസ്, പ്രേമ.സി.എസ്, നെല്ലിപറമ്പത്ത്, ചാലക്കുളം

എന്നീ ഗുണഭോക്താക്കൾ മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക കൈപ്പറ്റിയിട്ടുള്ളത്. ആയത് ഹാജരാക്കേണ്ടതാണ്.

## 3-13 പത്താം തരം തുല്യതാ കോഴ്സ് -രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :- പ്രിൻസിപ്പൽ, ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കൊടുങ്ങല്ലൂർ.

പ്രോജക്ട് നം. 316/17(സ്പിൽ ഓവർ), ബിൽ നം. തി. തുക -1/30.01.17, തുക 12500/-

2015-16 സാമ്പത്തിക വർഷം 10-ാം തരം തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്തവരുടെ ലിസ്റ്റ് പ്രകാരം ഉള്ള 13 വിദ്യാർത്ഥികളിൽ സ്റ്റെല്ല.സി.എം.എന്ന വിദ്യാർത്ഥി 500/- രൂപയും മറ്റു 12വിദ്യാർത്ഥികൾ 1000/- രൂപ വീതവും ആകെ 12500/- നേരിട്ട് സാക്ഷരതാമിഷനിൽ അടവാക്കിയിട്ടുണ്ട്. തനത് വർഷം 13 വിദ്യാർത്ഥികളുടെ പഞ്ചായത്ത് വിഹിതമായി 12500/- രൂപ പഞ്ചായത്ത് വിഹിതമായി കേരള സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. പട്ടികജാതി / പട്ടിക വർഗ്ഗക്കാർ ഒഴികെയുള്ള വിഭാഗങ്ങളിലെ വനിതകൾ, പരമ്പരാഗത മത്സ്യ തൊഴിലാളികൾ, മുതലായവരുടേയും ദാരിദ്ര്യരേഖക്ക് താഴെയുള്ള മറ്റുള്ളവരുടേയും കോഴ്സ് ഫീസ് നൽകാമെന്ന് മാർഗ്ഗരേഖയിൽ ചൂണ്ടി കാട്ടുന്നു. എന്നാൽ ഇതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. മാത്രമല്ല കോഴ്സ് കഴിയുന്ന മുറക്ക് പരീക്ഷ പാസായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-14 പത്താം തരം തുല്യതാ കോഴ്സ് -രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :- ഹെഡ്മിസ്ട്രസ്സ് ,ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കൊടുങ്ങല്ലൂർ.

പ്രോജക്ട് നം. 351/17, അടങ്കൽ -114000/-

ബിൽ നം. തി. തുക -3/28.03.17 -105000/-

സാക്ഷരത മിഷൻ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ ലിസ്റ്റ് പ്രകാരം പത്താം തരം തുല്യതാ പരീക്ഷ കോഴ്സ് ഫീയിനത്തിൽ 72 പേരുടെ ഫീസായി 105000/- രൂപ കേരള സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗക്കാർ ഒഴികെയുള്ള വിഭാഗങ്ങളിലെ വനിതകൾ, പരമ്പരാഗത മത്സ്യ തൊഴിലാളികൾ, മുതലായവരുടേയും ദാരിദ്ര്യരേഖക്ക് താഴെയുള്ള മറ്റുള്ളവരുടേയും കോഴ്സ് ഫീസ് നൽകാമെന്ന് മാർഗ്ഗരേഖയിൽ ചൂണ്ടി കാട്ടുന്നു. എന്നാൽ ഇതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. മാത്രമല്ല കോഴ്സ് കഴിയുന്ന മുറക്ക് പരീക്ഷ പാസായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-15 സാമൂഹ്യക്ഷേമ പെൻഷനുകൾ -രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതുമൂലം പെൻഷൻ നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. തൻവർഷം ലഭിച്ച അപേക്ഷകളുടേയും നടപടി സ്വീകരിച്ചതിന്റേയും വിവരം താഴെ ചേർക്കുന്നു.

മേത്തല സോണൽ

| പെൻഷൻ | തൻവർഷം ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം | അനുവദിച്ചവയുടെ എണ്ണം | നിരസിച്ചവയുടെ എണ്ണം | അനുവദിക്കാത്തവയുടെ എണ്ണം |
|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 610 | 448 | 18 | 144 |
| വിധവ പെൻഷൻ | 111 | 80 | 2 | 29 |
| വികലാംഗ പെൻഷൻ | 33 | 17 | 2 | 14 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 8 | 3 | 0 | 5 |
| കർഷക തൊഴിലാളി പെൻഷൻ | 0 | 0 | 0 | 0 |

നഗരസഭ

| പെൻഷൻ | തൻവർഷം ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം | അനുവദിച്ചവയുടെ എണ്ണം | നിരസിച്ചവയുടെ എണ്ണം | അനുവദിക്കാത്തവയുടെ എണ്ണം |
|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 490 | 445 | 20 | 25 |
| വിധവ പെൻഷൻ | 94 | 92 | - | 2 |
| വികലാംഗ പെൻഷൻ | 28 | 25 | 1 | 2 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 09 | 09 | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 4 | 0 | 3 | 1 |

മേത്തല സോണൽ ഓഫീസിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ ക്ഷേമകാര്യ കമ്മിറ്റി പാസ്സാക്കിയിട്ടും ഡാറ്റ എൻട്രി നടത്താത്തതിനാൽ 522 അപേക്ഷകർക്ക് യഥാസമയം പെൻഷൻ നൽകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതായും 46 അപേക്ഷകൾ അന്വേഷണത്തിന് നൽകാതിരുന്നതിനാലും മേത്തല സോണൽ ഓഫീസിലെ ക്ലർക്കിന് വാർഷിക ഇൻക്രിമെന്റ് തടഞ്ഞു കൊണ്ട് 28.07.16 ലെ 19 -ാം നമ്പർ പ്രകാരം ജനറൽ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

09.12.2013ലെ സ.ഉ.(സാധാ) നം.602/13.സാ.നീ.വ സർക്കാർ ഉത്തരവ് പ്രകാരം സാമൂഹ്യ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷാ തിയതി മുതൽ അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റിയിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചതിന് ശേഷമുള്ള തിയ്യതികളിലാണ് പെൻഷൻ അനുവദിക്കുന്നത്. എന്നാൽ ഏത് തിയ്യതി മുതൽ അനുവദിച്ചു എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ലഭ്യമായ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതുമൂലം വളരെയധികം പേർക്ക് അപേക്ഷാ തിയ്യതി മുതൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പെൻഷനുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന സംവിധാനം (DBT)

നിലവിൽ വന്ന സാഹചര്യത്തിൽ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്ന തിയതി മുതൽ മാത്രമേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുകയുള്ളൂ എന്നതിനാൽ സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ പെൻഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി തീർത്ത് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

## 3-16 ഗവ.വിദ്യാലയങ്ങളിലേക്ക് ലാബ് ഉപകരണങ്ങൾ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ -പ്രിൻസിപ്പൽ ,ജി.എച്ച്.എസ്.എസ്.കൊട്ടുങ്ങല്ലൂർ

ബിൽ നം. തി. 01/14.07.16 തുക 224970/-

പ്രോജക്റ്റ് നം.334/17

മേൽ പ്രോജക്റ്റ് പ്രകാരം സ്കൂളിന്റെ ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 222970/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ)റേറ്റ് കോൺട്രാക്റ്റ് പ്രകാരമാണ് വാങ്ങിയതെങ്കിൽ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി)ജി.ഒ.(പി) 259/2010/തസ്വഭവ. തീയതി 8-11-2010 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

സി)പ്രൊഫോർമ ഇൻവോയ്സ് പ്രകാരം അസോസിയേറ്റഡ് സയന്റിഫിക് കമ്പനി, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം.01864/24.03.16, 124988,ഇൻവോയ്സ് നം.01865/24.03.16, 99982).

ഒറിജിനൽ ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഡി)പ്രോജക്റ്റിന്റെ പേര് ഗവ. വിദ്യാലയങ്ങളിലേക്ക് ലാബ് ഉപകരണങ്ങൾ എന്നാണെങ്കിലും മറ്റു സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2)ഇലക്ട്രിസിറ്റി ചാർജ്ജ് നൽകിയത് -രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം. 304/17

ബിൽ നം.തി. തുക -02/31.03.17

പ്രോജക്റ്റിൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി 25401/- രൂപ സ്കൂളിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് രശീത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 3-17 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തീകരണവിവരം ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 239/17

ബിൽ നം. തി. തുക -04/21.03.17

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ,

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 50 കന്നുകുട്ടികളുടെ വിഹിതമായി സംസ്ഥാനവിഹിതമടക്കം 625000/- രൂപ എസ്.എൽ. ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മെയ് 2017 മുതലാണ് ഗുണഭോക്താക്കൾ തീറ്റ വാങ്ങി തുടങ്ങിയതെങ്കിലും 2 ഗുണഭോക്താക്കൾ തീറ്റ വാങ്ങിയിട്ടില്ല. ജയ രഘുനാഥ് എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി ചത്തു പോയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാബു കര്യാംപറമ്പിൽ എന്ന ഗുണഭോക്താവ് തീറ്റ തുടർന്ന് വാങ്ങുന്നില്ലായെങ്കിൽ 12500/-രൂപ വീതം 25000/- രൂപ എസ്.എൽ.ബി.പി.യിൽ അധികമായി അവശേഷിക്കും. ടി തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-18 നഗരസഭ പരിധിയിലെ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- നാളിതു വരെ വിതരണം നടത്തിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ്.,കൊടുങ്ങല്ലൂർ

ബിൽ നം. തീ. 03/30.03.2017

പ്രോജക്ട് നം. 391/17

നഗരസഭ പരിധിയിലെ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പദ്ധതി പ്രകാരം നഗരസഭയിലെ ക്ലബ്ബുകൾക്ക് വിതരണം നടത്തുന്നതിനായി കൊടുങ്ങല്ലൂർ സ്പോർട്സ് ഗാലറിയിൽ നിന്നും ഇൻവോയ്സ് നം. 1056,1058,1059,1060 തി.28.03.17 പ്രകാരം 453880/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

പദ്ധതിയിലെ നടത്തിപ്പ് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1) വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ നാളിതു വരെ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

2)ഏതൊക്കെ ക്ലബ്ബുകൾക്കാണ് വിതരണം ചെയ്യേണ്ടതെന്ന് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അവ രജിസ്റ്റർ ചെയ്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

3)അധികം സർക്കുലേഷനില്ലാത്ത മെട്രോ ദിനപത്രത്തിലാണ് ടെന്റർ പരസ്യം നൽകിയിട്ടുള്ളത്.

4)ടെന്ററിന്റെ സമയപരിധി പാലിച്ചിട്ടില്ല.

മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവഴിച്ച 453880/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 പെൻഷൻ കോൺട്രിബ്യൂഷൻ -കുടിശ്ശിക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2013-14 വർഷം മുതൽ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി അടച്ചു വരുന്നുണ്ട്. എന്നാൽ 2013-14 ന് ശേഷം നാളിതു വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഒരു തുകയും ലഭിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷാന്ത്യത്തിൽ നഗരസഭക്ക് ലഭിക്കുവാനുള്ള കുടിശ്ശിക 26608453/- രൂപയാണ്. കുടിശ്ശികയുള്ള പെൻഷൻ തുക ലഭ്യമാക്കുന്നതിന് സത്വരനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 3-20 അംശാദായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 333 പ്രകാരം ക്ഷേത്രങ്ങളിലെ ഉത്സവവുമായി ബന്ധപ്പെട്ട് നഗരസഭക്ക് വരുന്ന ചെലവിന്റെ ഒരു ഭാഗം അംശാദായമായി ക്ഷേത്ര ട്രസ്റ്റിൽ നിന്നും ഈടാക്കേണ്ടതാണ്. കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ ഉത്സവങ്ങളോടനുബന്ധിച്ച് ക്ഷേത്ര പരിസരം ശുചിയാക്കി വരുന്ന വകയിൽ ദേവസ്വം ബോർഡിൽ നിന്നും നഗരസഭക്ക് ലഭിക്കുവാനുള്ള അംശാദായത്തിന്റെ നിരക്ക് സർക്കാരിൽ നിന്നും നിശ്ചയിച്ച് ലഭിക്കുന്നതു വരെ തൽകാലത്തേക്ക് നഗരസഭക്ക് ചെലവായ തുകയുടെ 30% നഗരസഭക്ക് നൽകാമെന്ന് 29.04.16 ലെ എം-2230/13 നമ്പർ കത്ത് പ്രകാരം തിരുവഞ്ചിക്കുളം ദേവസ്വം ബോർഡ് നഗരസഭയെ അറിയിച്ചിരുന്നുവെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല. തൻവർഷം ഭരണി മഹോത്സവത്തിന് വേണ്ടി 325910/- രൂപയും താലപ്പൊലിക്ക് വേണ്ടി 193455/- രൂപയും ചെലവഴിച്ചിട്ടുണ്ട്. നിരക്ക് അനുവദിച്ച് നൽകുന്നതിന് 12.04.16 ലെ pH1-22241/14 നമ്പർ പ്രകാരം സർക്കാരിലേക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. 2008, 2009, 2010, 2011 വർഷങ്ങളിലെ മാത്രമാണ് അംശാദായം ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള വർഷങ്ങളിലെ തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 കെ.യു.ആർ.ഡി.എഫ്.സി .വായ്പ -ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള അർബൻ &റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (KURDFC) യിൽ നിന്നും നഗരസഭ 1998-99 മുതൽ 2003-04 വരെ കാലയളവിൽ 2,79,77,125 രൂപ വായ്പയെടുത്തിരുന്നു. ഇതിൽ 31.3.16 വരെ 7,26,93,192/- രൂപ തിരിച്ചടച്ചിട്ടുണ്ട്. വാർഷിക കണക്കു പ്രകാരം 2016- 17 സാമ്പത്തിക വർഷം 1,04,00,000/- വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നു. തൻ വർഷം 1,20,00,000/- രൂപ താഴെ പറയും പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ഡിഡി നം. തി | തുക |
|---|---|
| 353497/07.04.16 | 60,00,000 |
| 353497/13.04.16 | 20,00,000 |
| 323280/13.04.16 | 20,00,000 |
| 323281/13.04.16 | 20,00,000 |
| ആകെ | 1,20,00,000 |

മുതലിനത്തിൽ മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെങ്കിലും പലിശയിനത്തിൽ ഇനിയും 4279665/- രൂപ ഒടുക്കുവാനുണ്ട്.

നഗരസഭ വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ തൻ വർഷം അടവാക്കിയ തുകയുടെ 8% കളക്ഷൻ ചാർജ്ജ് ഇനത്തിൽ നഗരസഭക്ക് നൽകേണ്ടിവരുന്നു. പിഴ പലിശ ഒഴിവാക്കി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 സി.എൽ.ആർ നിയമനം നടത്തി വേതനം നൽകി വരുന്നു.

നഗരസഭയിലെ ഒഴിവുള്ള തസ്തികയിലെ നിയമനം സംബന്ധിച്ച് 03.11.06 ലെ ജി.ഒ.(സാധാ)2748/2006 /തസ്വഭവ ഉത്തരവ്, 27.02.82 ലെ 259/M.A സർക്കുലർ, 04.01.82 ലെ ജി.ഒ.(MS)14182 /Labour നമ്പർ സർക്കുലർ, 15.01.14 ലെ F2/8527/13 നമ്പർ സർക്കുലർ എന്നിവപ്രകാരം ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് വഴി നിയമനം നടത്തണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിലവിലുള്ള ഉത്തരവുകൾക്ക്

വിരുദ്ധമായി സി.എസ്.ഗീത ലൈബ്രേറിയൻ, എം.ജി.പ്രകാശൻ, സി.എ.വർഗ്ഗീസ് എന്നിവരേയും ഫൈസൽ, പ്രമോദിനി, വിനോദിനി, ബേബി, കാർത്തിക, മറിയാമ്മ എന്നീ കണ്ടിജന്റ് വർക്കർമാരും സേവനമനുഷ്ഠിച്ച് വരുന്നു. തൻ വർഷം ഈയിനത്തിൽ 916569/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 വയോമിത്രം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം.237/17 വയോമിത്രം പദ്ധതി പ്രകാരം സാമൂഹ്യ സുരക്ഷാമിഷന് തുക കൈമാറുന്നതിന് വേണ്ടി 10,00,000/- രൂപ ബിൽ നം. 1122/27.2.17 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 24.1.17 ലെ നം.എ3/2101/2016/kssm കത്തു പ്രകാരം വയോമിത്രം പദ്ധതിക്കായി തുക വകയിരുത്തി മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷൽ ടി.എസ്.ബി. അക്കൗണ്ട് നം701011400000134 ലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചതായി കാണുന്നു. മേൽ നിർദ്ദേശാനുസരണം പ്ലാൻഫണ്ട് പിൻവലിച്ച് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും തുക കൈപറ്റിയതിന്റെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-24 അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങിയത്

നഗരസഭയുടെ കീഴിലുള്ള അംഗൻവാടികൾക്ക് യു.വി.റേയ്സ് വാട്ടർ പ്യൂരിഫയർ വാങ്ങി നൽകുന്നതിന് പ്രോജക്ട് നം. so392/17പ്രകാരം ട്രഷറിബിൽ നം. 1370/29.3.17 ആയി 3,76,000/-രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസർ പിൻവലിച്ച് വീകോ ട്രേഡിംഗ്, അരിമ്പൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ പർച്ചേയ്സിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം സ്ഥിരനിക്ഷേപമായി നിരതദ്രവ്യം ഉൾപ്പെടെ 5% തുകയായ 18,800/- വാങ്ങണമെന്നിരിക്കെ 087492/2.1.17 പ്രകാരം 10000/- രൂപയുടെ സ്ഥിരനിക്ഷേപ രസീതി വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബാക്കി തുകയുടെ സ്ഥിര നിക്ഷേപ രസീതി 9.6.17 നാണ് ഹാജരാക്കിയിട്ടുള്ളത്.

വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതിന് 2/3/17 ന് ICDSKGR/1/17നമ്പറായി പത്രപരസ്യം നൽകുകയും ലഭിച്ച മൂന്ന ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വീകോ ട്രേഡേഴ്സിന് പർച്ചേയ്സ് ഓർഡർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ലഭ്യമായ മറ്റു രണ്ട് ക്വട്ടേഷനുകളിലും സ്ഥാപനത്തിന്റെ CST/TIN നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. മേൽ സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ ഉള്ളവയാണോയെന്നോ ഒരേ സ്ഥാപനം തന്നെ നൽകിയവയാണോ മേൽപറഞ്ഞ മൂന്നു ക്വട്ടേഷനുകളെന്നും പർച്ചേയ്സിംഗ് കമ്മിറ്റി പരിശോധിച്ചതായോ, വാങ്ങലുകൾ കമ്മിറ്റി അംഗീകരിച്ചതായോ കാണുന്നില്ല.

നഗരസഭയിൽ 72 അംഗൻവാടികൾ ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടം ഉള്ള 47 എണ്ണത്തിനു മാത്രം വാട്ടർ ഫിൽട്ടറുകൾ വിതരണം ചെയ്യുന്നതിനു മാത്രമേ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളൂ. മറ്റുള്ളവയ്ക്ക് വാട്ടർ ഫിൽട്ടറുകൾ വിതരണം ചെയ്യുന്നതിനായി തുടർ വർഷത്തിൽ പ്രോജക്ട് രൂപീകരിച്ചിട്ടില്ല. അനുബന്ധ സ്ഥാപനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ മുഴുവൻ സ്ഥാപനങ്ങൾക്കും ഗുണം ലഭിക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-25 ഭിന്നശേഷിയുള്ളവർക്ക് മോട്ടോറൈസ്ഡ് വാഹനം നൽകൽ– ഗുണഭോക്താക്കൾക്ക് ലൈസൻസ് ഇല്ല

നഗരസഭ 2015-16 വർഷത്തിൽ പ്രോജക്ട് നം. 350/16 പ്രകാരം 26 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച മോട്ടോർ സൈക്കിൾ വാങ്ങി നൽകിയതിന് കെൽട്രോണിന് നൽകാനുണ്ടായിരുന്ന 7,55,000/- രൂപ തൻവർഷത്തിൽ ബിൽ നം. 1330,1329/30.6.16 എന്നിവ പ്രകാരം യഥാക്രമം 4,00,000/-,3,55,000/- എന്നിങ്ങനെ തുക പിൻവലിച്ച് ഡി.ഡി നം. 354840,354841/1.7.17 ആയി കെൽട്രോണിന് നൽകിയിട്ടുണ്ട്. വാഹനം കൈപറ്റിയ ഗുണഭോക്താക്കളുടെ ലൈസൻസ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഭൂരിഭാഗം ഗുണഭോക്താക്കൾക്കും ലൈസൻസ് ലഭിച്ചിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി.

നഗരസഭ വിതരണം ചെയ്യുന്ന വാഹനങ്ങൾ ഓടിക്കുന്നതിന് ഭിന്നശേഷിയുള്ള വിഭാഗത്തിലുൾപ്പെട്ടവരെ ലൈസൻസ് എടുക്കേണ്ടതിൽ നിന്നും മോട്ടോർ വാഹന നിയമപ്രകാരം ഒഴിവാക്കിയിട്ടില്ലാത്തതിനാൽ നിലവിൽ വാഹനം കൈപറ്റിയവർ നിയമവിരുദ്ധമായാണ് വാഹനം ഉപയോഗിക്കുന്നത്. ഇത്തരം വാഹനങ്ങൾ അപകടത്തിൽപെടുന്ന സാഹചര്യമുണ്ടായാൽ ഗുണഭോക്താക്കൾക്ക് ഇൻഷൂറൻസ് പരിരക്ഷയോ നിയമപരമായ ആനുകൂല്യങ്ങളോ ലഭിക്കുന്നതിന് തടസ്സമുണ്ടായേക്കാം. വാഹനം ലഭിച്ച ഭിന്നശേഷിയുള്ള ഗുണഭോക്താക്കൾക്ക് ലൈസൻസ് എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുന്നതിനും ലൈസൻസ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വാഹനം കൈപറ്റുന്നതിനു മുൻപായി ലേണേഴ്സ് ലൈസൻസ് എങ്കിലും ഗുണഭോക്താക്കൾ എടുത്തിരിക്കണമെന്നൊന്നും പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ഭിന്നശേഷിക്കാർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഉപകരണങ്ങൾ/വാഹനങ്ങൾ എന്നിവ നിർമ്മിക്കുന്ന സ്ഥാപനങ്ങളായ കെൽട്രോൺ/വികലാംഗ ക്ഷേമ കോർപ്പറേഷൻ/ആർട്ടിഫിഷ്യൽ ലിമ്പ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നിവയിൽ നിന്നും മാത്രമേ മോട്ടോറൈസ്ഡ് വെഹിക്കിൾ വാങ്ങാവൂ എന്ന് നം.194/ഡി.ബി.3/15തിയതി.16.1.15കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് ആവശ്യമില്ലാതെ തന്നെ ഭിന്നശേഷിക്കാർക്ക് സുഗമമായി സഞ്ചരിക്കുന്നതിന് പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉത്തരവിലൂടെ ഉദ്ദേശിച്ചിരുന്നതെങ്കിലും ഫലത്തിൽ ഇത് നടപ്പായിട്ടില്ല. മേൽ ഉത്തരവ് ഉപയോഗപ്പെടുത്തി ടെണ്ടർ നടപടി ക്രമങ്ങളോ/ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകളോ പാലിക്കാതെ വാഹനങ്ങൾ വാങ്ങുന്നതിന് കെൽട്രോണുമായി കരാറിൽ ഏർപ്പെടുകയാണ് നഗരസഭ ചെയ്തിട്ടുള്ളത്. ഭിന്നശേഷിക്കാർക്കായി പ്രത്യേകം ഡിസൈൻ ചെയ്ത വാഹനങ്ങൾ നിർമ്മിച്ചു നൽകുന്നതിനു പകരം ഇരുചക്ര വാഹന നിർമ്മാതാക്കളായ മഹീന്ദ്രയുടെ വാഹനങ്ങളിൽ സൈഡ് വീൽ ഘടിപ്പിച്ചു നൽകുകയാണ് കെൽട്രോൺ ചെയ്തിട്ടുള്ളത്. ഇത് നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടതു മൂലം ഇക്കാര്യത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാനാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്ത വിധത്തിൽ ഭിന്ന ശേഷിക്കാർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ലൈസൻസ് ആവശ്യമില്ലാത്ത വാഹനങ്ങൾ വാങ്ങുന്നതിനോ/ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് പരിശീലനമുൾപ്പെടെ നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള സാധ്യതയോ പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും സർക്കാരിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-26 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് യഥാർത്ഥ വാടക,വൈദ്യുതി ബിൽ, വാട്ടർ ചാർജ്ജ് എന്നിവ നൽകാൻ നടപടി സ്വീകരിക്കണം.

നഗരസഭയിൽ ആകെ 72 അംഗൻവാടികൾ ഉണ്ടെങ്കിലും 48 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടം ഉള്ളൂ. 6 എണ്ണം നഗരസഭയുടെ വിവിധ കെട്ടിടങ്ങളിലും സ്കൂളുകളിലുമായി പ്രവർത്തിക്കുന്നുണ്ട്. 16 എണ്ണം നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ, വാട്ടർ ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള വാടകയാണ് കെട്ടിട ഉടമകൾ ഈടാക്കുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് നിലവിലുള്ള നിരക്ക് വർധിപ്പിച്ചുകൊണ്ട് 4.3.16 ലെ സ.ഉ.(സാ)140/2016 സാമൂഹ്യനീതി വകുപ്പ് ഉത്തരവ് പ്രകാരം നഗരസഭാ പരിധിയിൽ അനുവദിക്കാവുന്ന പരമാവധി വാടക പ്രതിമാസം 3000 രൂപയാണ്. മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വാടക നിശ്ചയിക്കുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസറെയും അംഗീകരിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം പ്രയോജനപെടുത്തി കെട്ടിട വിസ്തീർണ്ണത്തിനനുസൃതമായി വാടക നിശ്ചയിച്ച് നൽകുന്നതിനും മേൽ പ്രകാരം വർധിപ്പിച്ച നിരക്കിൽ വാടക അംഗൻവാടികൾക്ക് സമയബന്ധിതമായി നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-27 അംഗൻവാടി കെട്ടിടങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

നഗരസഭയുടെ കീഴിലുള്ള 72 അംഗൻവാടികളിൽ 48 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടം ഉള്ളൂ. 16 എണ്ണം പൂർണ്ണമായും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന ഈ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ സ്വന്തമായി ഭൂമി ഇല്ല.

നഗരസഭാ പരിധിയിലെ 78, 94 നമ്പർ അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണത്തിനായി നഗരസഭ കണ്ടെത്തിയ റവന്യൂ വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമി ലഭിക്കുന്നതിന് 20.7.16ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ICDS A2-5656 കത്തിലെ നിർദ്ദേശാനുസരണം 11.8.16 ന് ജില്ലാ കളക്ടർക്ക് ശിശു വികസന പദ്ധതി ഓഫീസർ CDPO/KGR-469/16 നമ്പറായി കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനം ലഭിച്ചിട്ടില്ല.

നഗരസഭയ്ക്ക് സ്വന്തമായുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 88, 89 നമ്പർ അംഗൻവാടികളുടെ ചുറ്റുമതിൽ അപകടാവസ്ഥയിലാണ്. അംഗൻവാടി നം. 77, 88, 89 എന്നിവയുടെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. അംഗൻവാടി നം. 77 ന്റെ സ്റ്റോർ റൂം ചോർന്നൊലിക്കുന്ന അവസ്ഥയിലായതിനാൽ ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കാനാവാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. അംഗൻവാടികളിൽ ഷീ ടോയ് ലറ്റുകൾ/ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ എന്നിവ ഒരിടത്തും സ്ഥാപിച്ചിട്ടില്ല. മുഴുവൻ അംഗൻവാടികൾക്കും ആവശ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് സ്വന്തമായി ഓഫീസ് സംവിധാനം ഇല്ല

നഗരസഭയുടെ കീഴിൽ 72 അംഗൻവാടികൾ ഉണ്ട്. ഇവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഐ.സി.ഡി.എസ് ഓഫീസ് ആയി പ്രവർത്തിക്കുന്നതിന് നിലവിൽ നഗരസഭാ പരിധിയിൽ കെട്ടിടമോ സ്വന്തമായി ഓഫീസോ ഇല്ല. ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കൈവശമുള്ള അലമാര, മേശ, കസേരകൾ എന്നിവ നിലവിൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെ മുറികളിലായാണ് സൂക്ഷിച്ചിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സഗരസഭ സ്വീകരിക്കേണ്ടതാണ്.

## 3-29 വെള്ളക്കരം കുടിശ്ശിക പെരുകുന്നു- തുടർ നടപടി സ്വീകരിക്കണം.

നഗരസഭയുടെ വെള്ളക്കരം കുടിശ്ശിക ക്രമാതീതമായി വർധിക്കുന്നതായി കാണുന്നു. കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10.5.17 ലെ ബിൽ നം. 194/5/17-18 പ്രകാരം ഏപ്രിൽ 2017 വരെയുള്ള കുടിശ്ശിക 10,46,96,097/-രൂപയാണ്. ഇതിൽ പ്രതിമാസ പിഴപലിശ 2% നിരക്കിൽ 20.76 ലക്ഷം രൂപയാണ് രേഖപ്പെടുത്തി കാണുന്നത്. ഇത്തരത്തിൽ ഓരോ മാസത്തിലും പിഴ പലിശ വർധിച്ച വരുന്ന സാഹചര്യമാണുള്ളത്.

27.12.16 ലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എ5-2633/06.vol (3) PH.Dvn. Irj. കത്ത് പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തി നഗരസഭയുടെ 2017 ഡിസംബർ 31 വരെയുള്ള കുടിശ്ശികയായ 9,13,10326/- രൂപയിൽ പിഴ പലിശ ഒഴിവാക്കി 5,06,64,368/- അടച്ച് കുടിശ്ശിക തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രതിദിനം 3.6 കിലോ ലിറ്റർ നിരക്കിൽ പ്രതിദിനം ജലം ലഭ്യമാക്കുന്നതിനാണ് പ്രതിവർഷം ടാപ്പൊന്നിന് 7884 രൂപാ നിരക്കിൽ അതോറിറ്റി തുക ക്ലെയിം ചെയ്യുന്നത്. എന്നാൽ പൊതു ടാപ്പുകളിൽ ജലമെത്തുന്നില്ലായെന്ന പരാതികൾ നിലനിൽക്കെ വിതരണം ചെയ്യുന്ന ജലത്തിനുമാത്രം വെള്ളക്കരം ഈടാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് നഗരസഭാ ചെയർമാൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് കത്ത് നൽകുകയുണ്ടായി.

നഗരസഭാ പരിധിയിലെ പ്രവർത്തന രഹിതമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് 20.6.16 മുതൽ 5.7.16 വരെ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് 15/12/16/KS/Gen./2015പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള 1037 ടാപ്പുകളിൽ പ്രവർത്തന രഹിതമായ 195 ടാപ്പുകളും ഒന്നോ രണ്ടോ വീട്ടുകാർ ഉപയോഗിക്കുന്നതും ഗാർഹിക കണക്ഷൻ നൽകിയ ശേഷം ഒഴിവാക്കാനാവുന്ന 87 ടാപ്പുകളും ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംയുക്ത പരിശോധയുടെ ഫലമായി റിപ്പോർട്ട് ചെയ്തതായ ഒഴിവാക്കേണ്ട 194 ടാപ്പുകൾക്ക് ഡിസ്കണക്ഷൻ ചാർജ്ജായി 1,80,000/- രൂപ അടവാക്കാനാവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ 1/3950/15/EE/KWA.PH Dvn./3.5.17നമ്പറായി കത്ത് നൽകിയിട്ടുണ്ട്. തൻ വർഷത്തിൽ 26 ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി 33,60,000/-രൂപാ അതോറിറ്റിയിൽ ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. 280 ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷനുകൾ നൽകിയ ഇനത്തിൽ 11,20,000/- രൂപ തൻ വർഷത്തിൽ പ്രോജക്ട് ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾ കണക്ഷൻ എടുത്തതു മൂലം ഒഴിവാക്കാനാവുന്ന പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

പരിഹാര നിർദ്ദേശങ്ങൾ

നഗരസഭയുടെ വെള്ളക്കരം കുടിശ്ശിക വർധിച്ച വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സ.ഉ(സാ) നം. 1257/09ത.സ്വ.ഭ.വ. തി. 30.5.2009 ഖണ്ഡിക. 2.2 ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ

ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

നിലവിൽ പൊതുടാപ്പ് ഒന്നിന് 7884/ വർഷം നിരക്കിൽ 1037 ടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. 27.12.16 ലെ E.E യുടെ കത്തു പ്രകാരം 1/15 മുതൽ കൂട്ടതലായി ഉൾപ്പെടുത്തിയ 35 ടാപ്പുകളുടെ എണ്ണം കുറവു ചെയ്യുമെന്ന് അതോറിറ്റി അറിയിച്ചിരുന്നുവെങ്കിലും തുടർന്നുള്ള ബില്ലുകളിൽ മേൽ പ്രകാരം കുറവ് ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കണം

3.5.17ലെ E.Eയുടെ കത്തിൽ നിർദ്ദേശിച്ചതു പ്രകാരം ഡിസ്കണക്ഷൻ ചാർജ്ജ് അടവാക്കി സംയുക്ത പരിശോധന നടത്തിയ തിയതി മുതൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് ഈടാക്കുന്ന വാട്ടർചാർജ്ജ് ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഗാർഹിക കണക്ഷൻ നൽകി ഒഴിവാക്കാനാകുമെന്ന കണ്ടെത്തിയ 87 ടാപ്പുകളുടെ കാര്യത്തിൽ ആവശ്യമായ ഗാർഹിക കണക്ഷനുകൾ നല്കി പൊതുടാപ്പുകൾ ഒഴിവാക്കാൻ 16.2.17 ലെ കൗൺസിൽ 37ാം നമ്പറായി എടുത്ത തീരുമാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപെടുത്തി സർക്കാർ അനുമതിക്കു വിധേയമായി കുടിശ്ശിക അടച്ചു തീർക്കുന്നതിന് ഫണ്ട് വിനിയോഗിക്കുന്നതിന് ഇക്കാര്യം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നതിനും സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

## **3-30** നഗരസഭയിലെ മാലിന്യ സംസ്കരണം-വിവിധയിനങ്ങളിൽ എയറോബിക് കമ്പോസ്റ്റ് ബിൻ സ്ഥാപിക്കുന്നത്-കൃത്യമായ ആസൂത്രണം ആവശ്യമാണ്.

ഫയൽ നം. PH.1/1904/17

പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ So 306/17 പദ്ധതി പ്രകാരം നഗരസഭാ പരിധിയിൽ 5 സ്ഥലങ്ങളിലായി 24 എയറോബിക് കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 14.3.17ലെ കൗൺസിലിന്റെ 4, 30 നം തീരുമാനങ്ങൾ പ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതിന് കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തുകയും 15.3.17 തിയതിയിൽ 1237/2016-17നമ്പറായി കരാറിൽ ഏർപ്പെടുകയും 17.3.17, 29.3.17 തിയതികളിലായി ബിൽ നം. പ്രകാരം 12 ലക്ഷം രൂപ പിൻവലിച്ച് കോസ്റ്റ് ഫോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കാണും പ്രകാരമുള്ള പ്രവൃത്തികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

| ക്രമ നം. | പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം | എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് പരിസരം | 5 | ഷെഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | മേത്തല കമ്മ്യൂണിറ്റി ഹാൾ പരിസരം | 9 | പോസ്റ്റ് സ്ഥാപിച്ചു, ഫ്ലോറിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | പഴയ മുനിസിപ്പൽ കെട്ടിട പരിസരം | 9 | ഷെഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | സിവിൽ സ്റ്റേഷൻ പരിസരം | 2 | ആരംഭിച്ചിട്ടില്ല. |
| 5 | കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് പരിസരം | നിശ്ചയിച്ചിട്ടില്ല. | ടൗൺ ഹാളിനു പകരമായി സ്ഥലം കണ്ടെത്തിയതിനാൽ നിർമ്മാണ അനുമതി ലഭിച്ചിട്ടില്ല. |

പൊതു അപാകതകൾ

1. 5 ലക്ഷം രൂപയിൽ അധികരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടത്തണമെന്നിരിക്കെ മേൽ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനമെടുക്കുകയാണുണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ കുറഞ്ഞ ചെലവിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ മാത്രമാണ് കോസ്റ്റ് ഫോർഡിനുള്ളത്. എന്നാൽ ഡി.എസ്.ആർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്കിൽ കോസ്റ്റ് ഫോർഡിനെ പ്രവൃത്തി ഏൽപ്പിക്കുകയാണുണ്ടായത്.

2. ജില്ലാ ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭിക്കുന്നതിനായി 21.2.17 ന് പി.എച്ച്.1-1904/17നമ്പറായി കത്ത് നൽകിയിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല. മാലിന്യ സംസ്കരണ പദ്ധതികൾ ഇ-ടെണ്ടർ ചെയ്യുന്നതിന് ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ആവശ്യമാണ്. ഇ-ടെണ്ടർ നടപടികൾ വഴി പ്രവൃത്തി നടത്തുന്നത് മറികടക്കുന്നതിനാണ് മേൽ പ്രകാരം കോസ്റ്റ് ഫോർഡിനെ പ്രവൃത്തി ഏൽപ്പിച്ചത്. ഖരമാലിന്യ, ശുചിത്വ പരിപാലനത്തിനുള്ള അംഗീകൃത ഏജൻസിയായി കോസ്റ്റ് ഫോർഡിനെ ശുചിത്വ മിഷൻ അംഗീകരിച്ചിട്ടില്ലാത്തതിനാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് ശുചിത്വ മിഷനിൽ നിന്നും ലഭിക്കുമായിരുന്ന സബ്സിഡി നഗരസഭയ്ക്ക് ലഭിക്കുകയില്ല.

3. കേരള കാർഷിക സർവ്വകലാശാലക്ക് പേറ്റന്റ് ഉള്ള 2.25 എം ക്യൂബ് കപ്പാസിറ്റിയുള്ള തുമ്പൂർമുഴി മോഡൽ പ്ലാന്റിന് 14500 രൂപയാണ് വില. ഇത്തരത്തിലുള്ള ഒന്നിലധികം പ്ലാന്റുകൾ ഉൾക്കൊള്ളുന്ന GI ഷീറ്റ് മേൽക്കൂരയോടു കൂടിയതും തറ കോൺക്രീറ്റ് ചെയ്തതുമായ 5 ഷെഡുകൾ നിർമ്മിച്ച് ആകെ 24 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് കോസ്റ്റ് ഫോർഡിന് തുക നൽകിയത്.

4. കോസ്റ്റ് ഫോർഡുമായി ഏർപ്പെട്ട 15.3.17 ലെ 1237/2016-17നമ്പർ കരാറിലെ 11-ാം വ്യവസ്ഥ പ്രകാരം കരാറിലേർപ്പെട്ട് ഒരു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണം. എന്നാൽ ഒരിടത്തു പോലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

5. 12 ലക്ഷം രൂപ കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ടെങ്കിലും 4 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് മുൻ വർഷങ്ങളിൽ നഗരസഭ സ്ഥാപിച്ചിരുന്ന എയറോബിക് ബിന്നുകൾ നിലവിൽ പഴയ മുനിസിപ്പൽ കെട്ടിടത്തിന്റെ പരിസരത്ത് അലക്ഷ്യമായി കിടക്കുന്നതായാണ് കാണുന്നത്. അതേ സമയം നിലവിലെ നഗരസഭാ കെട്ടിടത്തിനു സമീപം സ്ഥാപിച്ചിരുന്ന മൂന്ന് എയറോബിക് വേസ്റ്റ് ബിന്നുകൾ കെട്ടിട നിർമ്മാണത്തെ തുടർന്ന് നീക്കം ചെയ്തിട്ടുണ്ട്. നീക്കം ചെയ്ത എയറോബിക് ബിന്നുകളുടെ സ്ഥിതി എന്തെന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിലാണ് പുതുതായി 24 ബിന്നുകൾ കൂടി സ്ഥാപിക്കാൻ നഗരസഭ തീരുമാനമെടുത്തിട്ടുള്ളത്.

നഗരസഭ സ്ഥാപിക്കുന്ന 2.25 എം ക്യൂബ് കപ്പാസിറ്റിയുള്ള ബിന്നുകളിൽ നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് വേർതിരിച്ച മാലിന്യം 90 ദിവസം കൊണ്ട് വളമായി മാറുമെന്നും ആവശ്യമായ ബാക്ടീരിയൽ സൊല്യൂഷനുകൾ സമയാസമയങ്ങളിൽ ചേർത്താൽ മാത്രമേ എയറോബിക് വേസ്റ്റ് ബിന്നുകൾ ദുർഗന്ധമില്ലാതെ പ്രവർത്തിക്കുകയുള്ളൂവെന്നും പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് കോസ്റ്റ്ഫോർഡ് ഏറ്റെടുത്തിട്ടുള്ളതെന്നും തുടർ നടത്തിപ്പ് നഗരസഭയാണ് നിർവ്വഹിക്കുന്നതെന്നും കോസ്റ്റ് ഫോർഡ് അറിയിക്കുകയുണ്ടായി. നഗരസഭയിൽ നിലവിൽ ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾ ഇല്ലായെന്നും വിവിധ വാർഡുകളിൽ നിന്നും റോഡരികുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യത്തിൽ നിന്നും പ്ലാസ്റ്റിക് വേർതിരിച്ച ശേഷം നഗരസഭയുടെ മേത്തലയിലുള്ള ഉപയോഗിക്കാത്ത ശ്മശാനത്തിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നതെന്നും മാലിന്യം അധികമായി ലഭിക്കുന്ന കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം താലപ്പൊലി, ഭരണി ആഘോഷ സമയങ്ങളിലും മറ്റും ക്വട്ടേഷൻ ക്ഷണിച്ച് ലോറികളിൽ കയറ്റി അയക്കുകയാണ് ചെയ്യുന്നതെന്നും ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു.

ഇതിൽ നിന്നും നഗരസഭയിലുണ്ടാകുന്ന മാലിന്യത്തിന്റെ അളവിനെ സംബന്ധിച്ചുള്ള പഠനം നഗരസഭ നടത്തിയിട്ടില്ല എന്നു വ്യക്തമാണ്. ബിന്നുകൾ സ്ഥാപിച്ച് മാലിന്യം നിക്ഷേപിക്കാനുള്ള സംവിധാനങ്ങൾ

ഏർപ്പെടുത്താമെന്നല്ലാതെ ഇത്തരം സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം, ആവശ്യമായ തൊഴിലാളികൾ, ഉണ്ടാകുന്ന വളം കൈകാര്യം ചെയ്യുന്നത് എന്നിങ്ങനെയുള്ള കാര്യങ്ങൾ സംബന്ധിച്ച് കൃത്യമായ ആസൂത്രണം നഗരസഭ നടത്തിയിട്ടില്ല. മുൻ കാലങ്ങളിൽ സ്ഥാപിച്ച എയറോബിക് ബയോബിന്നുകളുടെ നിലവിലെ സ്ഥിതി നഗരസഭ പരിശോധിക്കേണ്ടതും ശരിയായ വിധത്തിൽ മാലിന്യ സംസ്കരണം നിർവ്വഹിക്കാനാകുമെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

വിവിധ എയറോബിക് വേസ്റ്റ് ബിന്നുകളിൽ നഗരസഭ ശേഖരിക്കുന്ന മാലിന്യം പ്ലാസ്റ്റിക് വേർതിരിച്ച് നിക്ഷേപിക്കുന്നതിനും സമയബന്ധിതമായി ബാക്ടീരിയൽ സൊല്യൂഷനുകൾ ചേർത്ത് വളമാക്കി മാറ്റി നീക്കം ചെയ്യുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. നിലവിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു മാത്രമേ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളൂ. നഗര മധ്യത്തിൽ തന്നെയാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് എന്നതിനാൽ ബിന്നുകളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഉണ്ടായാൽ പ്ലാന്റ് ശരിയായി പ്രവർത്തിക്കാതെ ദുർഗന്ധം വമിക്കുന്ന അവസ്ഥയുണ്ടാവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ആസൂത്രണം നടത്തി മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ആവശ്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-31 വാതക ക്രിമിറ്റോറിയം ഫർണസ് സ്ഥാപിക്കൽ-ട്രയൽ റൺ നടത്തി പ്രവർത്തന ക്ഷമത ഉറപ്പുവരുത്തണം.

ഫയൽ നം. PH.1-1905/17

നഗരസഭയുടെ പുല്ലൂറ്റ് സ്ഥിതിചെയ്യുന്ന വാതക ക്രിമിറ്റോറിയത്തിൽ രണ്ടാമത്തെ ഫർണസ് നിർമ്മിക്കുന്ന പ്രവൃത്തികൾക്കായി പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ So 309/17 പദ്ധതി പ്രകാരം ബെഡ് സ്ഥാപിച്ചതിന് നികുതി കഴിച്ച് 16,92,611 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് കോസ്റ്റ് ഫോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകം 2187 പേജ് 19 പ്രകാരം 25.3.17ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 'Supplying and fixing gas furnace' എന്ന പ്രവൃത്തിക്ക് 15 ലക്ഷം രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫർണസ് സ്ഥാപിക്കുന്ന ഹൈടെക് എന്ന സ്ഥാപനമാണ് ടി പ്രവൃത്തി നടത്തിയതെന്ന് കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുണ്ടെങ്കിലും ടി സ്ഥാപനത്തിന്റെ പർച്ചേയ്സ് ബില്ല് ഫയലിൽ ലഭ്യമല്ല. 25.3.17 ന് പൂർത്തീകരിച്ച പ്രവൃത്തിയുടെ ട്രയൽ റൺ നാളിതുവരെ നടത്തിയിട്ടില്ല. നിലവിലുള്ള ഒരു ഫർണസ് പ്രവർത്തനക്ഷമമാണ്. തുക കൈപറ്റിയതിന്റെ രസീത്, പ്രവർത്തന ക്ഷമതാ സാക്ഷ്യപത്രം, പർച്ചേസ് ബിൽ എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

## 3-32 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. തുക തടസ്സപ്പെടുത്തുന്നു.

നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | പേര് | നൽകിയ തുക | ഡി.ഡി.നം./ തിയതി | കൈപറ്റിയത് |
|---|---|---|---|---|
| So 81/17 | എസ്.എസ്.എക്ക് വിഹിതം നൽകൽ | 3410625 | 356786 /2.12.16 | ജില്ലാ പ്രോജക്ട് ഓഫീസർ |

| | | | | |
|---|---|---|---|---|
| So82/17 | ഐ.കെ.എം ന് വിഹിതം നൽകൽ | 291400 | 357338/7.1.17 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം |
| So 336/17 | തെരുവുനായ നിയന്ത്രണം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 100000 | 799011400000646/ 9.3.17 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി. |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-33 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി- ഗുണഭോക്താക്കളെ വാർഡ് സഭ അംഗീകരിച്ചിട്ടില്ല.

നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ വാർഡ് സഭ അംഗീകരിച്ചതായി കാണുന്നില്ല.

| പ്രോജക്റ്റ് നം. | പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| So 275/17 | എസ്.സി. പെൺ കുട്ടികൾക്ക് വിവാഹധനസഹായം | 14 | 7,00,000 |
| So 278/17 | വിദേശത്തു ജോലിക്ക് പോകുന്നതിന് ധനസഹായം | 4 | 2,00,000 |

മേൽ പട്ടിക ക്രമ നം. 1പ്രകാരം 15 ലക്ഷം രൂപ വകയിരുത്തിയതിൽ 7 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പദ്ധതിയുടെ ഗുണഭോക്താക്കളായ 14 ഗുണഭോക്താക്കളിൽ 11 പേരെ 19.12.16 തിയതിയിലെ കൗൺസിൽ 22ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇതേ രീതിയിൽ ക്രമ നം. 2 പ്രകാരം 4 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കളെ വാർഡ് സഭ അംഗീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിർവ്വഹണ ഉദ്യോസ്ഥൻ പത്ര പരസ്യം നൽകിയതായും നോട്ടീസ് ബോർഡിൽ പരസ്യം ചെയ്തതായും കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതും മേൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനാവശ്യമായ ഗുണഭോക്താക്കളെ വാർഡ് സഭകൾ വഴി തെരഞ്ഞെടുക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകാതിരുന്നതിനാലുമാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പാക്കിയ പദ്ധതികൾ ഒന്നും തന്നെ മോണിറ്ററിംഗ് ചെയ്തതായി കാണുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്താക്കൾക്ക് വാർഡ് സഭയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നഗര സഭയിലെ വിവിധ വാർഡുകളിലേയ്ക്ക് (5,21 വാർഡുകൾ) കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി | ചെക്ക് നം268417 /21.2.17<br>ചെക്ക് നം268541 /7.3.17 | 60000/-<br>3500/- | | |
| KSEB സെക്ഷൻ I,സെക്ഷൻ II | വാർഡ് 21ലെ ആനാപുഴ പുഴയോരം റോഡ് പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 248982/06.01.17 | 14900/ | | |
| | വാർഡ് 5ലെ പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 268355/02.02.17 | 8300/- | | |
| | 21-ാം വാർഡിലെ ഫിഷർമെൻ കോളനിയിൽ മുകളിലൂടെ പോയ ലൈൻ മാറ്റുന്നതിന് | 268556/16.03.17 | 7915 | | |
| | വാർഡ് 13 ൽ പുതിയ റോഡ് നിർമ്മാണത്തിന് പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 268568/20.03.17 | 9700/- | | |
| | വാർഡ് 14 ലെ പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 268569/20.03.17 | 14100/ | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | കോഴിക്കട നായ്ക്കളം റോഡ്-വാർഡ് 12 ൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 268569/20.03.17 | 18800/- | | |
| | വാർഡ് 38 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് | 218878/06.09.16<br>242816/28.09.16 | 44000/-<br>12940/- | | |
| | വാർഡ് 42 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് | 242833/21.10.16 | 23756 | | |
| | വാർഡ് 10 ൽ ലക്ഷം വീട് കോളനിയിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 242880/14.11.16 | 13500/- | | |
| | വാർഡ് 8 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് | 242900/25.11.16 | 32250/- | | |
| | വാർഡ് 29 ൽ പുളിക്കനാട്ട് ജാറം റോഡ് പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 197135/06.04.16 | 14700/- | | |
| | വാർഡ് 26 ൽ വിപി തുരുത്ത് അമ്മുകുട്ടി സ്മാരക റോഡിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 197136/06.04.16 | 7400/- | | |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 9ൽ തുണ്ടിപറമ്പിൽ റോഡിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 197227/04.06.16 | 10800/- | | |
| | വാർഡ് 36 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് | 197228/04.06.16 | 10500/- | | |
| | വാർഡ് 7ൽ3പോസ്റ്റുകളുടെ ഷിഫ്റ്റിങ്ങിന് | 156226/13.06.16 | 48120/- | | |
| | വാർഡ് 3 ൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് | 218813/27.07.16 | 6500/- | | |
| | 30 ാം വാർഡിൽ ഡബിൾ ട്യൂബ് സ്ഥാപിക്കൽ | 218814/27..07.16 | 12030/- | | |
| | വാർഡ് 33 ൽപോസ്റ്റ് ഷിഫ്റ്റിങ്ങിന് | 218815/27.07,16 | 26443/- | | |
| കേരളവാട്ടർ അതോറിറ്റി | ആനാപുഴ പഴയപാലം തകർന്നതിനെ തുടർന്ന് പൈപ്പ് ലൈൻ പുനസ്ഥാപിക്കുന്നതിന് | 5962473/12.08.16 | 126000/- | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സർക്കാർ വായ്പ SCP | C3-18616/97(A) /5.3.1998 | 56750 | 23782 | - | - | 23782 |
| സർക്കാർ വായ്പ NSDP | A1-8326/99 /31.3.2000 | 20,00,000 | 20,00,000 | - | - | 20,00,000 |
| സർക്കാർ വായ്പ NSDP | A1-8326/99 /26.3.2001 | 2,42,000 | 1,45,200 | - | - | 1,45,200 |
| സർക്കാർ വായ്പ | A1-15094/93 /6.8.1993 | 81,500 | 10,512 | - | - | 10,512 |
| സർക്കാർ വായ്പ EIUS | GO(Rt)1431/96/LAA dt 22.3.1993 | 3,25,000 | 39,436 | - | - | 39,436 |
| KURDFCവ്യാപാര സമുച്ചയം | KURDFC/A2 /00366/06 dt 19.2.2004 | 2,00,00,000 | 1,01,02,860 | 6000000 | - | 4102860 |

കുറിപ്പ്: ബാലൻസ് ഷീറ്റ് പട്ടിക ബി.5 പ്രകാരം 1,29,80,006/- രൂപ തിരിച്ചടവാക്കാനുണ്ട്. ടി മുഴുവൻ വിവരങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (മേൽ പട്ടികയിലെ നീക്കിയിരിപ്പുമായി 66,58,216/- രൂപയുടെ വ്യത്യാസം കാണുന്നു)

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 267423624 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 253295230 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8116639 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 22688 | എം മനോജ്,സൂപ്രണ്ട് ഇൻ ചാർജ്ജ് ഓഫ് സെക്രട്ടറി |
| 3-5 | 4200 | എസ് ജയകുമാർ,സെക്രട്ടറി കൊടുങ്ങല്ലൂർ |
| 3-6 | 10000 | വി വി ലതേഷ്കുമാർ ,സെക്രട്ടറി കൊടുങ്ങല്ലൂർ |
| 3-7(എ)<br>3-7(ബി) | 125000<br>6500 | എം മനോജ്,സൂപ്രണ്ട് ഇൻ ചാർജ്ജ് ഓഫ് സെക്രട്ടറി |
| 3-10 | 195858<br>5000<br>5149<br>130448<br>201537 | വി വി ലതേഷ്കുമാർ ,സെക്രട്ടറി കൊടുങ്ങല്ലൂർ |
| | 5178<br>3422<br>205185<br>7000<br>262326 | എസ് ജയകുമാർ,സെക്രട്ടറി കൊടുങ്ങല്ലൂർ |
| | 298785<br>209268<br>313375<br>5900<br>121101<br>14904<br>4420<br>483468<br>207522<br>12500 | എം മനോജ്,സൂപ്രണ്ട് ഇൻ ചാർജ്ജ് ഓഫ് സെക്രട്ടറി |
| 3-18 | 453880 | പേര് വിവരം ലഭ്യമാക്കിയിട്ടില്ല |

| | | |
|---|---|---|
| 3-23 | 1000000 | ശ്രീദേവി പി.എൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-32 | 3410625<br>291400<br>100000 | എം മനോജ്,സൂപ്രണ്ട് ഇൻ ചാർജ്ജ് ഓഫ് സെക്രട്ടറി |
| ആകെ | 8116639 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. |
|---|---|
| 96-97 ചെലവ് | എൽ.എഫ്. ടി 4-1036/97 തിയ്യതി 06.03.08. |
| 97-98 ചെലവ് | എൽ.എഫ്. ടി 4-1284/99 തിയ്യതി15.02.99. |
| 98-99 ചെലവ് | എൽ.എഫ്. ടി 4-1133/01തിയ്യതി.13.12.01/ 11.6.02. |
| 99-2000 ചെലവ് | എൽ.എഫ്. ടി 4-609/02തിയ്യതി20.09.02. |
| 2000-01 ചെലവ് | എൽ.എഫ്. ടി 4-1468/04തിയ്യതി14.12.04. |
| 2001-02 ചെലവ് | എൽ.എഫ്. ടി 4-1120/05തിയ്യതി09.1.06./21.07.06. |
| 91-92 95-96 വരവ് ചെലവ് | എൽ.എഫ്. ടി 4-1092/09തിയ്യതി23.04.10. |
| 96-97 വരവ് | എൽ.എഫ്. ടി 4-1086/09തിയ്യതി18.05.10. |
| 97-98 വരവ് | എൽ.എഫ്. ടി 4-1087/09തിയ്യതി18.05.10 |
| 98-99 വരവ് | എൽ.എഫ്. ടി 4-1088/09തിയ്യതി18.05.10 |
| 99-2000 വരവ് | എൽ.എഫ്. ടി 4-1089/09തിയ്യതി18.05.10 |
| 2000-01 വരവ് | എൽ.എഫ്. ടി 4-1090/09തിയ്യതി18.05.10. |
| 2001-02 വരവ് | എൽ.എഫ്. ടി 4-1091/09തിയ്യതി19.05.10. |

| | |
|---|---|
| 2002-03 വരവ് ചെലവ് | എൽ.എഫ്. ടി 4-1095/09തിയ്യതി05.06.10. |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി4-1395/10തിയ്യതി30.5.11/24.10.11 |
| 2004-05 വരവ് ചെലവ് | എൽ.എഫ്. ടി 4-1396/10തിയ്യതി27.10.11/7.1.12. |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി 4-1397/10തിയ്യതി29.10.11/7.1.12 |
| 2006-07 വരവ് ചെലവ് | എൽ.എഫ്. ടി 4-1398/10തിയ്യതി28.10.11/21.03.12. |
| 2007-08 വരവ് ചെലവ് | എൽ.എഫ്. ടി 4-1399/10തിയ്യതി29.10.11/21.03.12. |
| 2008-09 | എൽ.എഫ്.ടി.എം.2608/11തിയ്യതി24.2.12./31.5.12. |
| 2009-10 | എൽ.എഫ്. ടി .എം. 2609/11തിയ്യതി7.4.12/2.7.12. |
| 2010-11 | എൽ.എഫ്.ടി.എം.36/12തിയ്യതി17.4.12./5.7.12. |
| 2011-12 | എൽ.എഫ്. ടി.എം.2118/13തിയ്യതി14.5.14./17.9.14. |
| 2012-13 | എൽ.എഫ്. ടി .എം. 1776/14തിയ്യതി3.6.15. |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ (എം) 1414/15 തിയതി.27.11.15/11.01.2016 |
| 2014-2015 | കെ.എസ്.എ ടി.എസ്.ആർ (എം) 1441/16 തി.9.08.2016 |
| 2015-2016 | കെ.എസ്.എ ടി.എസ്.ആർ (എം)15 /17 തീയതി 31.1.17 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(എം)1629/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 25.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുങ്ങല്ലൂർ നഗരസഭയുടെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No. KSA-TSR(M)1629/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 25.11.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Kodungallur Municipality in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of Kodungallur Municipality for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Joint Director

District Audit Office

Thrissur